# ഖുർആൻ ഉള്ളപ്പോൾ എന്തിന് മദ്ഹബ് ?

## രണ്ടാം ഭാഗം





ബഹു : വയലിത്തറ മുഹമ്മദ് കുഞ്ഞി മൗലവിയുടെ
വീഡിയോ പ്രഭാഷണത്തിന്റെ തനി പകർപ്പ്

മാന്യ സഹോദരി സഹോദരന്മാരെ,
പരിശുദ്ധ ഇസ്ലാമിനെ വികൃതമായി മനസ്സിലാക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുന്ന പുത്തൻ പ്രസ്ഥാനക്കാർ അതിലേക്ക് അവരെ എത്തിച്ചതിന്റെ മുഖ്യ കാരണം പ്രവാചകൻ(സ) പ്രത്യേകിച്ച് എടുത്ത് പറഞ്ഞ ഇസ്ലാമിന്റെ ആദ്യ മൂന്ന് നൂറ്റാണ്ടിലെ ഇമാമീങ്ങളുടെ അഭിപ്രായത്തെ തള്ളിക്കളഞ്ഞ്, എല്ലാവരും അവരവർക്ക് തോന്നിയത്പോലെ വിശുദ്ധ ഖുർആനെയും ഹദീസിനെയും മനസ്സിലാക്കിയതാണ്. അവരുടെ ആ നിലപാട് എത്രത്തോളം അബദ്ധമാണ് എന്നുള്ളത് പ്രമാണങ്ങളുടെ തെളിവിന്റെ അടിസ്ഥാനത്തിൽ ഏവർക്കും നിഷ്പ്രയാസം മനസ്സിലാക്കാൻ കഴിയും വിധത്തിലാണ് ബഹു: വയലിത്തറ അവർകൾ നിങ്ങളുടെ ചിന്താ ധാരയിലേക്ക് വിഷയങ്ങൾ പടി പടിയായി ഇട്ടു തരുന്നത്. ഒരു വിഭാഗത്തോടും അനീതി കാണിക്കാതെ ഏവർക്കും സ്വയം സത്യം കണ്ടെത്തുവാൻ ഉതകുന്ന ശൈലിയിലാണ് അവർ ഇത് അവതരിപ്പിക്കുന്നത്. അത് കൊണ്ട് തന്നെ സത്യപാത അന്വേഷിക്കുന്ന ഏതൊരു നിഷ്പക്ഷമതിക്കും അത് പോലെ സത്യം അതാണ് എന്ന് മനസ്സിലാക്കി മദ്ഹബ് വേണ്ടാ ഇസ്ലാം ഉൾക്കൊള്ളാൻ, എന്ന് മനസ്സിലാക്കിപ്പോയവർക്ക് ആ വഴി ഒന്ന് പുനർചിന്തനം നടത്തുവാനും, ഉപകരിക്കും എന്നുള്ളത് ഇത് തുടക്കം മുതൽ അവസാനം വരെ മനസ്സിരുത്തി വായിക്കുന്ന ഒരാൾക്ക് വ്യക്തമാകുമെന്നതിൽ യാതൊരു സംശയവുമില്ല.
സത്യാന്വേഷികൾക്ക് സത്യം കണ്ടെത്തുവാനുള്ള മാർഗ്ഗം അല്ലാഹു എളുപ്പമാക്കട്ടെ.

*എത്ര തന്നെ ഹൃദയ കാഠിന്യമുള്ള ഒരാൾക്കും അവരുടെ കണ്ണ് നനയാതെ ഇത് വായിച്ചു മുഴുപ്പിക്കാൻ സാധ്യമല്ല.......*
*അത് പോലെ സത്യാന്വേഷികൾക്ക് സത്യത്തിൽ എത്തപ്പെടാതെയും..........*

പ്രിയ സുഹൃത്തുക്കളെ, ഇത് നിങ്ങളുടെ സുഹൃത്തുക്കൾക്കും മറ്റും ഫോർവേഡ് ചെയ്തു ഇതിന്റെ പുണ്യം നേടുന്നതിൽ നിങ്ങളും പങ്കാളിയാവുക.....
വയലിത്തറ അവർകളുടെ പ്രഭാഷണത്തിന്റെ സിഡികൾ നമ്മുടെ വിരൽ തുമ്പിലേക്ക് നമുക്ക് വായനാ സൗകര്യത്തിലായി വളരെ സാഹസപ്പെട്ട് ഇത് മലയാള ലിപിയിലേക്ക് മാറ്റിത്തരുന്ന സഹോദരി അടക്കം ഈ സിഡി പരിപാടി സംഘടിപ്പിച്ചത് മുതൽ ഇത് ജനങ്ങളുടെ കരങ്ങളിലേക്കെത്തുന്നത് വരെ, ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും, നിങ്ങളുടെ വിലപ്പെട്ട പ്രാർത്ഥനയിൽ ഉൾപ്പെടുത്തണമെന്ന് വിനയപൂർവ്വം........

നിങ്ങളുടെ സഹോദരൻ, സി. പി. അബ്ദുല്ല ചെരുമ്പ

==========================================================

www.islamkerala.com

بِسْمِ اللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ
والصلاة والسلام على اشرف الانبياء والمرسلين وعلى اله وصحبه اجمعين

***** ഒന്നാം ഭാഗം ഇസ്ലാംകേരള സൈറ്റിൽ ലഭ്യമാണ് *****

**അങ്ങിനെ വിധിക്കേണ്ട ജോലി നബി(സ)യെ ഏൽപ്പിച്ചു.........**

**ഏൽപ്പിച്ചിട്ട് പിന്നെന്താ പറഞ്ഞന്നറിയോ.........?**

فَاسْتَقِمْ كَمَا أُمِرْتَ **പറഞ്ഞത് പോലെ ചെയ്യണം കേട്ടോ നബിയേ.........**
**മാറ്റമൊന്നു വരരുതേ...**
**ഇത് നമുക്ക് വേണ്ടി പറഞ്ഞതാ..... അല്ലാഹുവിന്റെ റസൂൽ(സ) അല്ലാഹു പറഞ്ഞതേ ചെയ്യൂ എന്ന് അല്ലാഹ് ക്കറിഞ്ഞൂടേ.......?**
**നിങ്ങൾക്ക് സാഹിബായി നിങ്ങളിലേക്ക് അയച്ചു തന്നിട്ടുള്ള നിങ്ങളുടെ സാഹിബില്ലേ, അയാൾ വഴി പിഴച്ചവനല്ല..... കാര്യങ്ങളിൽ നിന്നൊന്നും തെറ്റിപ്പോയിട്ടില്ല... കുറ്റവാളിയൊന്നുമല്ല..... സ്വന്തമായിട്ടൊരക്ഷരം നിങ്ങളോട് പറഞ്ഞു തരത്തില്ല...** وَمَا يَنطِقُ عَنِ الْهَوَى = إِنْ هُوَ إِلَّا وَحْيٌ يُوحَى
**നബി(സ) ഞാൻ വിവരിച്ച് കൊടുക്കുന്നതല്ലാതെ സ്വന്തമായിട്ടൊരക്ഷരം പറയത്തില്ല നിങ്ങളോട്......**
**അപ്പോൾ നബി(സ(യോട് പറയാണ്... നമുക്ക് വേണ്ടി പറയുകയാ!!!! നിങ്ങളുടെ കൂട്ടുകാരൻ വഴി പിഴച്ചിട്ടൊന്നുമില്ല കെട്ടാ........**
**നേർവഴിക്ക് പോകുന്നയാളാ..........**
**ഒരറ്റ കാര്യം, ഞാനറിയിക്കാത്തതൊന്നും നിങ്ങളോട് പറയത്തില്ല കെട്ടോ....!!**
**ഇതെല്ലാം പറയുന്നത് സ്വഹാബത്തിന്റെ നേരെയാ..... അതോർമ്മ വേണം..**

وَمَا يَنطِقُ عَنِ الْهَوَى = إِنْ هُوَ إِلَّا وَحْيٌ يُوحَى

**നബിക്ക് ഞാനറിയിച്ചു കൊടുത്തിരിക്കുന്ന ഇക്കാര്യം, ഞാനറിയിക്കുന്നതല്ലാതെ മറ്റൊന്നും നബി പറയത്തില്ല.... ഇനി വല്ലതും പറഞ്ഞാലാ,**
**വല്ലതും വച്ചാലോ അതിനും പണി വേറെയാ.........**

فَلَا أُقْسِمُ بِمَا تُبْصِرُونَ = وَمَا لَا تُبْصِرُونَ = إِنَّهُ لَقَوْلُ رَسُولٍ كَرِيمٍ = وَمَا هُوَ بِقَوْلِ شَاعِرٍ قَلِيلًا مَا تُؤْمِنُونَ = وَلَا بِقَوْلِ كَاهِنٍ قَلِيلًا مَا تَذَكَّرُونَ = تَنزِيلٌ مِّن رَّبِّ الْعَالَمِينَ = وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْأَقَاوِيلِ = لَأَخَذْنَا مِنْهُ بِالْيَمِينِ = ثُمَّ لَقَطَعْنَا مِنْهُ الْوَتِينَ = فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَاجِزِينَ

www.islamkerala.com

**ഈ ആയത്തിന്റെ മുഴുവൻ അർത്ഥവും പറയാൻ ഇവിടെ സമയമില്ല കെട്ടോ.....**

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْأَقَاوِيلِ

**എന്റെ മേലിൽ എന്തെങ്കിലും കാര്യങ്ങൾ കെട്ടിപ്പറഞ്ഞാൽ ഞാൻ പറയാത്തൊരു കാര്യം ഞാൻ പറഞ്ഞെന്നങ്ങാനും മുഹമ്മദ്(സ) പറഞ്ഞാൽ, ഞാൻ നേരെത്തെ കൊടുത്തിരിക്കുന്ന നിർദ്ദേശത്തിനു വിരുദ്ധമായി സ്വന്തം എന്തെങ്കിലും അതിനകത്ത് കടത്തിക്കൂട്ടിയാൽ** لَأَخَذْنَا مِنْهُ بِالْيَمِينِ **എന്റെ വലത് കൈ കൊണ്ട് ഞാൻ പിടിക്കും........**
**ഹദീസൊന്നും സ്വീകരിക്കാതെ വിവരമില്ലാത്തവൻ ഇത് കേട്ടാൽ അല്ലാഹ് ക്ക് വലത് കയ്യുണ്ടെന്ന് പറയും...**
لَأَخَذْنَا مِنْهُ بِالْيَمِينِ **എന്റെ വലത് കൈ കൊണ്ട് പിടിക്കും അവനെ എന്ന് വെച്ചാൽ ഫോഴ്സി പിടിക്കും എന്നാ,,,,,**
**അല്ലാതെ കയ്യുണ്ടെന്നല്ല.**
لَأَخَذْنَا مِنْهُ بِالْيَمِينِ ثُمَّ لَقَطَعْنَا مِنْهُ الْوَتِينَ
**അവന്റെ കരണ ഞരമ്പ് ഞാൻ മുറിച്ച് കളയും.......**
**എന്റെ പേരിൽ എന്തെങ്കിലും കെട്ടിപ്പറഞ്ഞാലേ........**
**ഇത് സ്വഹാബത്തിന്റെ അറിവിന് വേണ്ടി അല്ലാഹു പറയുകയാ....**
فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَاجِزِينَ
**നിങ്ങളിലാർക്കും ഒരു ശക്തിക്കും അത് തടയാൻ കഴിയില്ല.**
**ഞാനങ്ങിനെ ചെയ്താൽ....**

**ഇത്രയൊക്കെ ഉറപ്പ് പറഞ്ഞ്.... നബി(സ)യോട് തങ്ങൾ തന്നെ വിധിക്കണമെന്ന് പറഞ്ഞു. നമുക്കുറപ്പായിട്ടിതെല്ലാം പറഞ്ഞു.....**
**ഒരു മാറ്റവുമില്ല.....**

**ഇപ്പം കാര്യങ്ങൾ എല്ലാം നേരെ വന്നു..**
**.**
**പ്രിയപ്പെട്ട സഹോദരങ്ങളെ,,,,,,,,,,**
**കാര്യങ്ങൾ നേരെ വന്നില്ലേ ?**
**നബി(സ)യോട് വിധിക്കാൻ പറഞ്ഞു....**
**നബി(സ) വിധിക്കുന്നു....**
**നബി(സ) അതിനകത്ത് മാറ്റമൊന്നും നടത്തില്ലെന്ന് നമുക്ക് ഉറപ്പും തന്നു....**

**എന്നിട്ട് പറയുന്നത് കേട്ടോളൂ............**

مَّنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ

مَّنْ يُطِعِ الرَّسُولَ **ആരെങ്കിലും റസൂലിനെ വഴിപ്പെട്ടാൽ** فَقَدْ أَطَاعَ اللَّهَ

www.islamkerala.com

**അവൻ അല്ലാഹ്ക്ക് വഴിപ്പെട്ട് പോയി.....**

**ബ്ലാങ്കായിട്ട് പടച്ചോൻ പറഞ്ഞു കഴിഞ്ഞു........**
**മേൽ പറഞ്ഞതെല്ലാം ഒപ്പിച്ചു വച്ചേച്ചാൽ ഈ പറഞ്ഞതിൽ തെറ്റൊന്നും ഇല്ല അല്ലേ ? റസൂൽ(സ) പടച്ചോന്റേത് മാത്രമാണ്......**

مَّنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ
**ആലോചിക്കണം...... ആരെങ്കിലും റസൂലിനെ വഴിപ്പെട്ടാൽ അല്ലാഹുവിനെ വഴിപ്പെട്ടു.....**
**ആരെങ്കിലും വഴിപ്പെടുന്നില്ലെങ്കിൽ**
وَمَن تَوَلَّى فَمَا أَرْسَلْنَاكَ عَلَيْهِمْ حَفِيظًا
**ആരെങ്കിലും തിരിഞ്ഞു കളഞ്ഞാൽ അവരെ സൂക്ഷിച്ചു കളയാനൊന്നും നിന്നെ അയച്ചിട്ടില്ല!!!**
**'മനസ്സുണ്ടെങ്കിൽ കേട്ടാൽ മതി...'**

**അപ്പോൾ റസൂൽ(സ) പറയുന്നത് കേട്ടേച്ചാൽ , അല്ലാഹുവിന്ന് വഴിപ്പെട്ടതായി അല്ലാഹ് പ്രഖ്യാപിച്ചു പോയി...**

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا
**റസൂൽ (സ) എന്ത് നിങ്ങളോട് പറയുന്നുവോ അത് അപ്പാടെ സ്വീകരിച്ചോളണം., റസൂൽ(സ) എന്ത് വിലക്കുന്നുവോ അപ്പഴേ വിട്ടേക്കണം.....**

**ഇതിൽ കൂടുതൽ ഇനി എന്താ പറയേണ്ടത് ?**
**നബി(സ) പറ്റി...തീർന്നോ...? ഇല്ല!!**
**ഇനിയും അല്ലാഹു പറയുന്നു.......**

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَن يَكُونَ لَهُمُ الْخِيَرَةُ
**നിങ്ങൾക്ക് വേണ്ടി അല്ലാഹുവിന്റെ റസൂൽ(സ) ഒരു വിധി വിധിച്ചാൽ അത് പുന:പരിശോധിക്കാൻ മുസ്‌ലിം സ്ത്രീ പുരുഷന്മാർക്ക് അധികാരമില്ല.......**

**അപ്പം എന്തായി....?**
**നബി(സ) പറയുന്നതങ്ങ് കേട്ടാൽ മതി, മറ്റൊന്നും ആലോചിക്കേണ്ട.... നബി(സ) തീരുമാനിച്ചു കഴിഞ്ഞാൽ അത് പുന:പരിശോധിക്കാൻ മുസ്‌ലിം ലോകത്തിനാധികാരമില്ല........**

**അല്ലാഹു പറയുകയാണിതെല്ലാം.....**

www.islamkerala.com

فَلاَ وَرَبِّكَ لاَ يُؤْمِنُونَ حَتَّىَ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لاَ يَجِدُواْ فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُواْ تَسْلِيمًا

**താങ്കൾ വിശ്വസിക്കുന്ന റബ്ബിനെ തന്നെയാണ് സത്യം.**
**തങ്ങളെ വിധികർത്താവാക്കുന്നത് വരെ അവർ മു അ്മിനീങ്ങളാവുകയില്ല.....**

**തങ്ങളുടെ വിധി മാത്രമായിരിക്കണം അവർ സ്വീകരിക്കുന്നത്.......**
**വിധിയെ ല്ലാം തങ്ങളുടേത്....**
**ആ അവസ്തയിൽ അവർ എത്തുന്നത്‌വരെ അവർ മുഅ്മിനീങ്ങളാവു കയില്ല,**

**ഇതെല്ലാം നബി(സ) പറയുന്നത് കേട്ടോളണം എന്നതിലേക്ക് തെളിവായിട്ട് പ റയുകയാണ്............**

لَقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُو اللَّهَ وَالْيَوْمَ الْآخِرَ وَذَكَرَ اللَّهَ كَثِيرًا

**അല്ലാഹുവിനെയും ഖിയാമത്ത് നാളിനെയും ആഗ്രഹിക്കുന്ന, പടച്ച റബ്ബിന്റെ പൊരുത്തം ആഗ്രഹിക്കുന്ന ആൾ ആരുണ്ടോ അവർക്ക് പുന്നാര നബി(സ) യിൽ ശരിയായ മാതൃകയുണ്ട്...........**
**ആ മാതൃകയനുസരിച്ച് കൊണ്ട് കാര്യങ്ങൾ ചെയ്തോളണം... നബി(സ) പറ യുന്ന പോലെയും ചെയ്യുന്ന പോലെയും പടച്ചോനെ ആരെങ്കിലും ആഗ്രഹി ക്കുന്നുണ്ടെങ്കിൽ നബി(സ)യെ തന്നെ വഴിപ്പെട്ടോളണം........**

**മാറാനനൊക്കത്തില്ല. ആർക്കും................**

**ആയതുകൾ ഇനിയും വേണമെങ്കിൽ പറയാം.**

وَكَذَلِكَ جَعَلْنَاكُمْ أُمَّةً وَسَطًا لِّتَكُونُواْ شُهَدَاء عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا

**ഇത്തരത്തിലുള്ള നിരവധി ആയത്തുകൾ ഖുർ ആനിൽ കാണാം.**

**നിങ്ങളുടെ മേൽ റസൂൽ(സ) മാതൃക കാണിച്ചത് പോലെ.**
**റസൂലിന്റെ മാതൃകയാണ് നിങ്ങൾ സ്വീകരിക്കേണ്ടത്.**

قُلْ إِن كُنتُمْ تُحِبُّونَ اللّهَ فَاتَّبِعُونِي يُحْبِبْكُمُ اللّهُ

**നബിയേ.... താങ്കൾ പറയണം.. ആരെങ്കിലും അല്ലാഹുവിനെ ഇഷ്ടപ്പെടുന്നു ണ്ടെങ്കിൽ,** تُحِبُّونَ اللّهَ **അല്ലാഹുവിനെ നിങ്ങൾ ഇഷ്ടപ്പെടുന്നുവെങ്കിൽ....**
فَاتَّبِعُونِي **എന്നെ പിൻപറ്റിക്കോളണം, ഞാൻ പറയുന്നത്.........**
**എന്നാൽ** يُحْبِبْكُمُ اللّهُ **അല്ലാഹു നിങ്ങളെ ഇഷ്ടപ്പെടും......**

www.islamkerala.com

ഇത്രയും അധികം ആയത്തുകൾ കൊണ്ട് നബി(സ)യെ പിൻപറ്റിക്കോളണം,,,
നബി(സ) പറഞ്ഞാൽ കേട്ടോളണം,,.....
നബി(സ) പറഞ്ഞതാണ് കാര്യം.......

ഇനി വല്ലതും പറയാനൊക്കൊ പ്രിയപ്പെട്ടവരെ........
റസൂലുല്ലാഹ് എന്തു പറഞ്ഞു എന്ന് ആലോചിക്കുകയല്ലാതെ, ഖുർആനിൽ എന്തുണ്ട് , എന്ന് നമ്മുടെ ഏതെങ്കിലും ഒരു വിഷയത്തിൽ, ഖുർആനിന്റെ നിലപാട് എന്താണ് ഈ വിഷയത്തിൽ, എന്ന് ഒരാൾ ചിന്തിച്ചു പോയാൽ അ വൻ പരിശുദ്ധ ഖുർആനിനെ പരസ്യമായി കാറ്റത്ത് പറത്തുകയാണ്....... കൂട്ടത്തിൽ അവൻ കാഫിറും മുർതദ്ദും ആയിത്തീരും.....

പോരെ.........?
മനസ്സിലായില്ലേ....!!?
ഇത്രയും ഞാൻ പറഞ്ഞിട്ട് മനസ്സിലായില്ലെങ്കിൽ,
പടിഞ്ഞാറൻ കടപ്പുറത്ത് പോയിട്ട് തിരയെണ്ണിയാൽ മതി!!!!

അത്രയും വ്യക്തമായി പറഞ്ഞ് കൊണ്ട് പോയിന്റിൽ എത്തിച്ചിട്ടുണ്ട്....!

ഇത്രയും പറഞ്ഞിട്ടും, കാര്യങ്ങൾ പറഞ്ഞിട്ടും മനസ്സിലായില്ലെങ്കിൽ എനിക്ക് മനസ്സിലാക്കിത്തരാൻ നിവൃത്തിയില്ല....
ഇത്രയും പറഞ്ഞതിൽ നിന്ന് നമ്മുടെ നടപടി ക്രമങ്ങൾ, നമ്മുടെ കാര്യങ്ങൾ പാകപ്പെടുത്തുന്നതിന്ന്, ഖുർആനിൽ എന്തുണ്ട് എന്ന് നോക്കുന്നത്, ഖുർ ആനിന്ന് അനുസൃതമാണോ.....?
അതോ റസൂലുല്ലാഹ് എന്ത് പറഞ്ഞു എന്ന് ചിന്തിക്കുകയല്ലാതെ വല്ല മാർഗ്ഗ വുമുണ്ടോ....?

അത് കൊണ്ട് റസൂലുല്ലാഹ് (സ)യെ പിൻപറ്റിക്കോളണം.... എന്ന കൽപന സ്വഹാബത്ത്(റ) അതതുമാതിരിയങ്ങേറ്റെടുത്തു. അവരോടാണല്ലോ ഈ പറ ച്ചില്.... നമ്മളോടാരോടും അല്ലല്ലോ!!!!

ഈ ആയത്തെല്ലാം കൽപിച്ച് സ്വഹാബത്തുമായാണല്ലോ ചർച്ച!! ആ സ്വഹാ ബത്ത്(റ) മഹാനായ റസൂലുല്ലാഹ് (സ) എന്ത് പറഞ്ഞു എന്ന് ആലോചിക്കു കയല്ലാതെ മറ്റൊന്നും ചിന്തിക്കാറില്ല.....

يَا أَيُّهَا الَّذِينَ آمَنُواْ أَطِيعُواْ اللّهَ وَأَطِيعُواْ الرَّسُولَ وَأُوْلِي الأَمْرِ مِنكُمْ

أَطِيعُواْ اللّهَ അല്ലാഹുവിനെ വഴിപ്പെടുക.......
وَأَطِيعُواْ الرَّسُولَ റസൂലിനെ വഴിപ്പെടുക.......

www.islamkerala.com

وَأُوْلِي الأَمْرِ مِنكُمْ  ഉലുൽ അംറിനെ വഴിപ്പെടുക.......
= അപ്പം അല്ലാഹു ഏകിയതെടുക്കുക വിലങ്ങിയത് ഉപേക്ഷിക്കുക,,,
= റസൂലുല്ലാഹ് ഏകിയെതെടുക്കുക വിലങ്ങിയതുപേക്ഷിക്കുക.....
= ഉലുൽ അംറ് ഏകിയതെടുക്കുക വിലങ്ങിയതുപേക്ഷിക്കുക........

ഇത് മൂന്നും മൂന്ന് കാര്യമാണോ ? അതോ ഒരു കാര്യമാണോ..........?
( ഇതേ ചോദ്യം സദസ്സ്യരോട് ആവർത്തിച്ചു ചോദിക്കുകയും സദസ്സ് ഒന്നടങ്കം ഇത് മൂന്നും ഒരു കാര്യമാണെന്ന് സമ്മതിക്കുകയും ചെയ്യുന്നു.)

മൂന്നാണെന്ന് വയ്ക്കാണെങ്കിൽ..... ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ കാര്യം ഒത്തു കിടക്കുകയാണ്......... സൃഷ്ടി, സ്തിഥി, സംഹാരം ഇത് പോലെയാവും..........
അങ്ങിനെയല്ല കുഞ്ഞേ ആയത്തിന്റെ അർത്ഥം......?
الله ഏകിയതെടുക്കുകയും വിലങ്ങിയതുപേക്ഷിക്കുകയും ചെയ്യുക..........
وَأَطِيعُواْ الرَّسُولَ ( و ) ആണ് അവിടെ....أَطِيعُواْ الرَّسُولَ ثم അല്ല....
وَأَطِيعُواْ الرَّسُولَ റസൂലിനു ഏകിയതെടുക്കുകയും വിലങ്ങിയതുപേക്ഷിക്കുകയും ചെയ്യുന്ന വിഷയത്തിൽ റസൂലിനെ വഴിപ്പെടുക....

അപ്പോൾ റസൂലിനെ വഴിപ്പെടുന്നതായ കാര്യത്തിൽ അല്ലാഹു ഏകിയതെടുക്കുകയും വിലങ്ങിയതുപേക്ഷിക്കുകയും ചെയ്യുക..

وَأُوْلِي الأَمْرِ مِنكُمْ  നിങ്ങളിൽ നിന്നുള്ള مطلق المجتهد കൾക്ക് നിങ്ങൾ വഴിപ്പെടുക....ഏകിയതെടുക്കുക വിലങ്ങിയതുപേക്ഷിക്കുക.....
ഏത്.... ?
റസൂലുല്ലാഹിയുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്ന വിഷയത്തിൽ നബി(സ)യുടെ നടപടി ക്രമങ്ങൾ പൂർണ്ണമാക്കുന്ന വിഷയത്തിൽ مطلق المجتهد കളെ വഴിപ്പെടുന്നവരായ തരത്തിൽ.

അപ്പം ഒരൊറ്റ കാര്യമാണ്....
ഈ മൂന്നും പറഞ്ഞത് ഒരൊറ്റ കാര്യമാണ്......
.
അല്ലാതെ الله നെ വഴിപ്പെടാനാർക്കെങ്കിലും ഒക്കോ......!?
അപ്പോൾ الله നു വഴിപ്പെടുക എന്ന് പറഞ്ഞാൽ....
مَّنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ റസൂലിനു വഴിപ്പെട്ടാൽ الله ക്ക് വഴിപ്പെട്ടു...
റസൂലിന്നു വഴിപ്പെട്ടാൽ അല്ലഹ്ക്ക് വഴിപ്പെട്ടു....

അപ്പം ഒരാൾ ചോദിക്കുകയാണ്
وَيَنصُرُونَ اللَّهَ وَرَسُولَهُ



www.islamkerala.com

**എന്നൊരു ആയത്തില്ലെ......?**

**അവർ ഹിജ്റ പോയി** وَيَنصُرُونَ اللَّهَ وَرَسُولَهُ
**അല്ലാഹുവിനെ സഹായിക്കാൻ വേണ്ടി........**

**ഖുർആനല്ലേ.....?**
**ശരിക്കും ശ്രദ്ധിക്കണം....**

**അല്ലാഹുവിനെ സഹായിക്കുന്നതെങ്ങിനെ...?**
**ഖുർആനാ!!!! അവർ അല്ലാഹുവിനെ സഹായിക്കാൻ വേണ്ടി പോയതാ.....**
**ഇതിന്റെ അർത്ഥം നിങ്ങൾ പറയൂ....**
**ഇതിനു വലിയ കിതാബൊന്നും ഓതണ്ട....**
**അല്ലാഹുവിനെ സഹായിക്കുന്നതെങ്ങിനെയാ..**

**റസൂലിനെ സഹായിച്ചുകൊണ്ട്,,,**
**റസൂലിനെ സഹായിക്കുക എന്നാൽ, റസൂൽ കൊണ്ട് വന്നതായ ദീൻ....**
**റസൂലിന്റെ ദീൻ, റസൂൽ കൊണ്ട് വന്നു നമ്മെ പഠിപ്പിക്കുന്ന ദീനിന്റെ സുഖമമായ വളർച്ചക്ക് ആവശ്യമായ കാര്യങ്ങളിൽ തങ്ങളെ സഹായിക്കുക.....**
**അപ്പോൾ തങ്ങളെയും തങ്ങളുടെ ദീനിനെയും സഹായിച്ചാൽ അല്ലാഹുവിനെ സഹായിച്ചു എന്നല്ലേ....?**
**ഇത് തന്നെയാണ്** أَطِيعُواْ اللّهَ وَأَطِيعُواْ الرَّسُولَ **റസൂലിനു വഴിപ്പെടുമ്പം അല്ലാഹ്ക്ക് വഴിപ്പെട്ടു എന്നത്....**

**തിരിഞ്ഞ ഇപ്പം പറയുന്നത്.....?**

مَّن ذَا الَّذِي يُقْرِضُ اللّهَ قَرْضًا حَسَنًا
**അല്ലാഹ് ക്ക് കടം കൊടുക്കണം.........**
**വല്ലതും ഉണ്ടോ,**
**മുതൽ വല്ലതും ഉണ്ടോ,,,,,,അല്ലാഹ്ക്ക് കടം കൊടുക്കാൻ........**
**ഖുർആനല്ലേ......?**
**അല്ലാഹ്ക്ക് എന്താ വേണ്ടത് ...?**
**മൂപ്പര് ഞെരുക്കത്തിലാ......?**
**അപ്പം അന്ന് ഖുറൈശുൽ കുഫാറ് പറഞ്ഞു........**
إِنَّ اللّهَ فَقِيرٌ وَنَحْنُ أَغْنِيَاء
**മുഹമ്മദിന്റെൽ ആകെപ്പാടെ ഉണ്ടായിരുന്നത് അല്ലാഹ് യാ.......**
**അയാള് വിഷമത്തിലാ..... നമ്മളോട് കടം ചോദിച്ച് തുടങ്ങി......**
**അപ്പോൾ അല്ലാഹു സുബ് ഹാനഹുവതആലാ ഇറക്കി..**
لَّقَدْ سَمِعَ اللّهُ قَوْلَ الَّذِينَ قَالُواْ إِنَّ اللّهَ فَقِيرٌ وَنَحْنُ أَغْنِيَاء
**അവര് പറഞ്ഞത് ഞാൻ കേട്ടു നബിയേ!!! എന്ന ആയത്ത് വന്നു.**

അപ്പം مَّن ذَا الَّذِي يُقْرِضُ اللَّهَ قَرْضًا حَسَنًا (അപ്പോൾ) അല്ലാഹുവിന്ന് കടം കൊടുക്കുന്ന് പറഞ്ഞാൽ, എന്താണതിന്റെ അർത്ഥം......?
وَإِن مِّن شَيْءٍ إِلاَّ عِندَنَا خَزَائِنُهُ وَمَا نُنَزِّلُهُ إِلاَّ بِقَدَرٍ مَّعْلُومٍ
എന്ത് نعمة നിങ്ങളെ ദുനിയാവിലുണ്ടോ...
അതിന്റെ മുഴുവൻ ഖജനാവ് എന്റെ അടുത്താണുള്ളത്.
അല്ലാഹ് പറയുകയാണ്: وَمَا نُنَزِّلُهُ إِلاَّ بِقَدَرٍ مَّعْلُومٍ നിശ്ചിത അളവിലേ ഞാനിറക്കത്തുള്ളൂ എന്നേ ഉള്ളൂ......
സാധനം ഒക്കെ ഇവിടെയാണുള്ളത്.

ഇയാൾക്ക് കടം കൊടുക്കണം എന്ന് പറഞ്ഞാൽ
എവിടുന്നാടോ എടുത്ത് കൊടുക്കുക...?
അപ്പോൾ مَّن ذَا الَّذِي يُقْرِضُ اللَّهَ قَرْضًا حَسَنًا അല്ലാഹ്ക്ക് കടം കൊടുക്കുന്ന് പറഞ്ഞാൽ, നബി(സ)യുടെ ആവശ്യത്തിൽ നിങ്ങൾ പൈസ കൊടുത്ത് സഹായിച്ചോളൂ....
ദീനിന്റെ പ്രവർത്തനങ്ങൾ സുഖമമായി
നടക്കാൻ നബി(സ)യെ സഹായിക്കുക.
അപ്പം اللَّهَ ക്ക് കടം കൊടുത്തു....
ഇത് തന്നെയാണ് നബി(സ)ക്ക് വഴിപ്പെട്ടാൽ അല്ലാഹ്ക്കും വഴിപ്പെട്ടെന്ന് അല്ലാഹു പറഞ്ഞത്.....

തിരിഞ്ഞില്ലെ.....?

അല്ലാതെ അല്ലാഹുവിന്നു വഴിപ്പെടാൻ നേരിട്ട് നമുക്ക് നടക്കത്തില്ലല്ലോ......
അതാണ്
مَّنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ
റസൂലിനെ വഴിപ്പെട്ടാൽ അല്ലാഹ്ക്ക് വഴിപ്പെട്ട് പോയി.......
അപ്പോൾ, പിന്നെ, റസൂൽ എന്ത് പറഞ്ഞു, എന്ത് ചെയ്തു എന്ന് നിർദ്ദേശിക്കുകയല്ലാതെ ഖുർആനിൽ എന്തുണ്ട് എന്ന് ചിന്തിക്കുന്ന സ്വഭാവം സ്വഹാബത്തിനില്ലാതായിത്തീർന്നു....

പിന്നെ ഖുർആനിന്റെ ഉപയോഗം എന്താണ്.....?

ഖുർആൻ എന്ന് പറഞ്ഞാൽ എന്താണ്......?
اللفظ المنزل علي عبده محمد صلي الله عليه وسلم المتعبد بتلاوته عبادة
ഓതൽ ഇബാദത്ത് ആക്കിയിരിക്കുന്ന ഒരു ഗ്രന്ഥം......
അല്ലാഹു സുബ്ഹാനഹു തആലായിൽ നിന്നും നബി(സ)ക്ക് ഇറക്കപ്പെട്ട കുറെ വാക്കുകളാണ്!!!

المتعبد بتلاوته
**ഓതാനുള്ളതാ ഖുർആൻ!!!!**
**അതിന്റെ വ്യാഖ്യാനം ഇങ്ങോട്ട് പറഞ്ഞു തരേണ്ടത് റസൂൽ(സ) ആണ്....**
**റസൂൽ (സ) പറഞ്ഞതിന്റെ അടിസ്ഥാനത്തിലേ ബാക്കിയുള്ളവർക്ക് പറയാനൊക്കൂ...!**
**സ്വഹാബത്തിനും അബൂബക്കറിനും, ഉമറിനും, ഉസ്മാനും, അലിയ്യ് നും,** رضي الله عنهم **ഇമാമീങ്ങൾക്കും ശാഫി ഈക്കും , ഹനഫിക്കും,** رضي الله عنهم **എല്ലാവർക്കും,.....**
**നബി(സ) പറഞ്ഞതിനെ ബേസ് ചെയ്ത്**
**കൊണ്ടെല്ലാതെ പറയാൻ ഒക്കത്തില്ല.**

**പറയുന്നത് മനസ്സിലാവുന്നില്ലേ.....?**
**ശരിക്കും മനസ്സിലായില്ലേ....?**

**അപ്പം പ്രിയപ്പെട്ട സഹോദരങ്ങളെ....!**

**ഖുർആൻ എന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ കലാമാണ്.**
المتعبد بتلاوته **ഓതൽ ഇബാദത്ത് ആക്കിയിരിക്കുന്ന അല്ലാഹുവിന്റെ കലാമാണ്.....**
**നമുക്ക് ഓതാം..!**
**നോക്കാം...!**
**പിന്നെ റസൂലുല്ലാഹ് (സ) പറഞ്ഞു തന്നതിന്റെ അടിസ്ഥാനത്തിൽ അതിന്റെ മഅ്നയും കാര്യങ്ങളുമെല്ലാം- നമുക്ക് പഠിക്കുകയും ചെയ്യാം.... സാധിക്കുന്നിടത്തോളം.....**

**അല്ലാതെ സ്വന്തമായൊരഭിപ്രായം ഖുർആനെപറ്റി എവനെങ്കിലും പറഞ്ഞാൽ**
من فسر القرأن برأيه فقد كفر
**അവന്റെ സ്വന്തം യുക്തി ചെലുത്തിക്കൊണ്ട് ഖുർആനിനെ ഏതെങ്കിലും ഒരുത്തൻ വ്യാഖ്യാനം പറഞ്ഞാൽ അവൻ കാഫിറും മുർതദ്ദും ആയിപ്പോയി!!!**

**ഇത്രയുമൊക്കെ കാര്യങ്ങൾ ഇരിക്കുമ്പം അങ്ങിനെ**
**പറയാനൊക്കുമോ, നബിക്ക്.......!**

**അപ്പോൾ സ്വഹാബത്ത് പൂർണ്ണമായിട്ട് നബി(സ)യെ അങ്ങ് പിൻപറ്റി, നബി (സ) പറയുന്നത് കേട്ട്,**
**നബി ഏകിയതെടുക്കും,**
**നബി വിലങ്ങിയതുപേക്ഷിക്കും.......**
**അതിനപ്പുറത്തേക്ക് അവരാരും ചിന്തിക്കത്തില്ല...**

www.islamkerala.com

അതിനു ഒന്ന് രണ്ട് ഉദാഹരണവും കൂടി ഞാൻ നിങ്ങൾക്ക് പറഞ്ഞു തരാം.

നബി(സ)യുടെ വഫാത്തിനുശേഷം ഖലീഫ ആരാകണം എന്ന് തർക്കം വന്നു..
മദീനക്കാരെല്ലാവരും കൂടെ അവിടെ യോഗം കൂടി....
കാര്യം ആവേണ്ടതാരാ..,?
ഭൂരിപക്ഷം ഉള്ളവരല്ലെ....?
മക്കക്കാര് കുടുംബത്തു നിന്നും മദീനത്തെത്തി അവരു പിടിച്ചു താലോലിച്ച്.......വീടും കുടുംബവുമെല്ലാം അവരു കൊടുത്ത്,
അവരുടെ വീടുമെല്ലാം ഒഴിഞ്ഞു ഇവർക്ക് കൊടുത്ത്....
ത്വങ്കത്താല പിടിച്ച് തുത്തും തൂലും എല്ലാം കിളച്ച് ആളായപ്പം ഭരണം,
പോട്ടെ, നേതാവിന്റെ കാലം വരെ,

ത്വങ്കത്താല പിടിച്ച് തുത്തും തൂവലും എല്ലാം കിളിത്ത് ആളായപ്പം ഭരണം പോട്ടെ, അത് നേതാവിന്റെ കാലം ഞങ്ങളങ്ങ് സഹിച്ചു...... അത് കഴിഞ്ഞതിനു ശേഷം പിന്നെ ആര് ഭരിക്കണം....?
ലോകം ഒരു ഗുരുവാ!!

വലിയ ഒരു ഗോത്രയുദ്ധം തന്നെ ഉണ്ടാകാവുന്ന ഒരു കാര്യമല്ലെ ഇത്.....?
ഇന്നും തിരോ യുദ്ധം.......?

ആലോചിച്ച ഉടനെ സിദ്ധീഖുൽ അക്ബർ(റ) ന്റെ അടുക്കൽ വിഷയം വന്നു..
ഉടനെ പറഞ്ഞു... الأئمة من قريش അ ഇമ്മത്ത് ഖുറൈശ് ൽ നിന്നായിരിക്കണം എന്നു റസൂലുള്ളാഹ്(സ) പറഞ്ഞിട്ടുണ്ട്. എന്ന ഒരൊറ്റ ഹദീസ് സിദ്ധീഖുൽ അക്ബർ(റ) അങ്ങോതി!!!

ഇമാമ് ഖുറൈശ് ൽ നിന്നായിരിക്കണമെന്ന പുന്നാര നബി(സ)ന്റെ ഹദീസുദ്ധരിച്ചു....
അത് കണ്ട് ഉമറുൽ ഫാറൂഖ്(റ) ഇരിപ്പുണ്ട്.....
നിങ്ങളങ്ങോട്ട് ബയ്അത്ത് ചെയ്തോളാൻ ബഹു: സിദ്ധീഖുൽ അക്ബർ(റ) ആഹ്വാനം ചെയ്തു,,,,
അപ്പോൾ ചാടിയെഴുന്നേറ്റ് ഉമർ(റ) ഓടി വന്ന് സിദ്ധീഖുൽ അക്ബർ(റ)ന്റെ കൈ പിടിച്ചങ്ങ് ബയ്അത്ത് ചെയ്തു......
മദീനത്തുള്ള മുഴുവൻ ആൾക്കാരും സിദ്ധീഖുൽ അക്ബർ(റ)നെ ബയ് അത്ത് ചെയ്തു..

ഈ ഒരൊറ്റ ഹദീസങ്ങ് ഓതിയപ്പോൾ പരിശുദ്ധ ഖുർആനിന്റെ നിലപാടെന്താണെന്ന് ഒരൊറ്റ സ്വഹാബിയുടെ വീട്ടിലും,
അവിടുത്തൊരു പൂച്ച പോലും ആലോചിച്ചില്ല.

നിനക്കറിയാമോടാ,,,,അത്......
ഇതിന്റെ രീതി ഇതാ......

ഒരു ഉദാഹരണവും കൂടി പറഞ്ഞില്ലെങ്കിൽ ഞാനത് വിട്ട് പോകും....
ഇനി മറ്റൊരു സംഭവം കൂടി പറഞ്ഞു തരാം..
ശ്രദ്ധിച്ചോളണം.....!

റസൂലുല്ലഹ്(സ)യുടെ വഫാത്ത് കഴിഞ്ഞപ്പം, നബി(സ)ക്ക് ഇത്തിരി മുതലുണ്ടാല്ലോ...ശകലം മുതലുണ്ടായിരുന്നു.....
എന്ന് വെച്ചാൽ യൂസുഫ് അലിയേക്കാൾ ഇച്ചിരി കുറച്ച്.....
അപ്പം ഏതാണ്ട് രണ്ട് പുതപ്പോ, ഒരാടോ എല്ലാം ഉണ്ട്........
ഇതെല്ലാം കിത്താബിൽ ഉണ്ട്.....
ചെറിയ കുറച്ച് സാധനങ്ങൾ ഒക്കെ ഉണ്ടായിരുന്നു.....
ഇതിന്റെയൊക്കെ അവകാശിയാരാ....?
മക്കളെല്ലാം മരിച്ചു പോയി...
ഫാത്തിമാ ബീവി(റ)യാ ബാക്കി.
മൂപ്പത്തി (ഫാതിമാബീവി(റ)) കൊട്ടേം ചാക്കുമെല്ലാം എടുത്ത് ഇത് മേടിക്കാൻ വേണ്ടി ചെന്നു......
മുഴുവൻ സ്വഹാബത്തിനും ഇത് ഫാത്തിമാ ബീവിക്ക്(റ) കിട്ടണംന്നാ..... ഉള്ളത്. നമുക്കെങ്ങിനെയാ.....? ഫാത്തിമാ(റ)ക്ക് ആ മുതൽ കിട്ടണം എന്നല്ലെ നമ്മുടെ ആഗ്രഹം.......
എന്നാൽ ഫാത്തിമാക്ക്(റ) ആ മുതൽ കിട്ടണം എന്ന് ആഗ്രഹിക്കുന്നവരുടെ കൂട്ടത്തിൽ സിദ്ധീഖ്(റ)നേക്കാൾ ആഗ്രഹിക്കുന്നവർ കാണില്ല......!
സിദ്ധീഖുൽ അക്ബർ(റ)ന് ഒരു ദിവസം റസൂലുല്ലാഹ്(സ)യുടെ അടുക്കൽ പോവാൻ മാർഗ്ഗമില്ലാത്ത വിധത്തിൽ വസ്ത്രം കേടായിപ്പോയി...!
ആരെല്ലാം കൊടുത്തിട്ടും മേടിച്ചില്ല....

അവസാനം ഫാത്തിമാ ബീവി(റ) അറിഞ്ഞിട്ട് മൂപ്പത്തിയുടെ സ്വന്തം കൈകൊണ്ട് തയ്യാറാക്കിയ, എല്ലാം ശരിപ്പെടുത്തി കെട്ടി കൊണ്ടു ചെന്നു.....

എന്താ മോളേ! വന്നത്...?
എന്താ ഇപ്പം വന്നത് ?
പറയാൻ ധൈര്യം ഉണ്ടോ.....
ആരാ ഇത്.....
മന്ന് കണക്കിന് സ്വർണ്ണം തൂക്കിക്കൊടുത്ത് ദീനിനെ സഹായിച്ച ആളല്ലെ......
എല്ലാം കൊണ്ട് പോയില്ലെ.....
മുഴുവനും അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക്...
നബി(സ) അടുക്കൽ പോവാതായി!!!
പലരും കൊടുത്തിട്ട് മേടിച്ചില്ല!!!!
മേടിക്കണം എന്ന് നിർബന്ധമൊന്നുമില്ല...

www.islamkerala.com

ഇല്ലെങ്കിൽ വേണ്ട....!!
ഇല്ലാന്ന് വെച്ചാൽ മതി...!!
ഔദാര്യം സ്വീകരിച്ചോളണം എന്നില്ല...
ഫാത്തിമാ ബീവി(റ) വന്നപ്പം, എന്താ മോളേ! വന്നത് എന്ന് ചോദിച്ചു....
നിങ്ങൾ എന്റുപ്പാക്ക് ചെയ്തു കൊടുത്ത സഹായങ്ങളെ സംബന്ധിച്ച് അല്ലാഹു വിനല്ലാതെ അതിന്റെ കണക്ക് ആക്കാൻ സാധ്യമല്ല......
അത് ഞാനോർക്കുന്നു...!!!
ഓരോ സന്ദർഭങ്ങളിലും എന്റുപ്പാനെയും ദീനിനെയും നിങ്ങൾ സഹായിച്ച അവസരങ്ങൾ ഞാനോർക്കുന്നു....
ഇപ്പോൾ ഉപ്പാടെ അടുത്തേക്ക് ചെല്ലുന്നില്ല എന്നു വന്നു.....
അതിന്റെ കാരണം ഞാൻ മനസ്സിലാക്കി.....!!!!
എന്റെ സ്വന്തം കൈ കൊണ്ടുണ്ടാക്കിയ ഒരു വസ്ത്രം എന്റേലുണ്ട്......
അത് ഞാൻ കൊണ്ട് വന്നിട്ടുണ്ട്......
അത് സ്വീകരിക്കണം...!!!!

പെട്ടെന്ന് അത് വാങ്ങിച്ചുപയോഗിച്ചുകൊണ്ട് അപ്പം തന്നെ നബി(സ)യുടെ അടുത്തേക്ക് പോയി.....
എന്നിട്ട് മോൾ കൊണ്ട് തന്നതാണെന്നല്ലാം കാണിച്ചു......
അപ്പോൾ ഷർട്ടിനു ഒരുപാട് തുന്നലുണ്ട്....
സിദ്ധീഖുൽ അക്ബർ(റ) ധരിച്ച ഷർട്ടിനോ!!!!!

അപ്പോൾ ജിബ്രീൽ(അ) വന്നു.....!!
സിദ്ധീഖുൽ അക്ബർ (റ)ന്റെ ഷർട്ടിനു എവിടെയെല്ലാം കീറലുണ്ടോ അവിടെ യെല്ലാം ജിബ്രീലിന്റെ ഉടുപ്പിനുമുണ്ട് കീറൽ...!!!!
രണ്ട് പേരും ഇട്ടിരിക്കുന്നത് ഒന്നാണെന്ന് തോന്നും.....
നബി(സ) രണ്ട് പേരെയും മാറി മാറി നോക്കിക്കൊണ്ട് ജിബ്രീൽ (അ)നോട് ചോദിച്ചു ഇതെന്താ ഇങ്ങിനെ...!!?

അപ്പോൾ ജിബ്രീൽ(അ) പറഞ്ഞു നബിയേ!
ഞാൻ മാത്രമല്ല, ഇന്ന് ആകാശ നിവാസികളായ മലക്കുകൾ മുഴുവനും എത്രയാ മലക്കുകൾ ?
ومايعلم جنود ربك الاهو  അല്ലാഹുവിന്ന് അല്ലാതെ അതിന്റെ എണ്ണം അറിയില്ല.
അങ്ങിനെത്തെ മലക്കുകൾ മുഴുവനും ഇന്നീ വേശത്തിലാണ്.
അബൂബക്കർ സിദ്ധീഖ് (റ)നോട് സഹനുഭൂതി കാണിച്ചുകൊണ്ട് മുഴുവൻ മലാഇകത്തിനോടും ഇന്നീ വേശം ധരിച്ചോളാൻ അല്ലാഹു കൽപ്പിച്ചിരിക്കുന്നു.........

അപ്പം അങ്ങിനെത്തെ ഫാതിമാ ബീവിക്ക്(റ) ഈ മുതൽ കൊടുക്കണം എന്ന് സിദ്ധീഖുൽ അക്ബറിന്(റ) താൽപര്യം കാണില്ലേ......?

**പക്ഷെ, എല്ലാവരും കൂടെ കൊണ്ട് ചെന്ന് മേടിച്ചു കൊടുക്കാൻ നിൽക്കുകയും ചെയ്തു....**
**എന്താ മോളേ! വന്നത്.....?**

**ഉപ്പാടെ ഒരു ശകലം മുതലുണ്ടല്ലോ ഖലീഫാ...!**
**അത് മേടിക്കാൻ വേണ്ടി വന്നതാണ്............!**
**അയ്യോ! 'അത് തരാൻ പറ്റില്ലല്ലോ മോളേ '**
**ഉപ്പ പറയുന്നത് ഞാൻ കേട്ടിരുന്നല്ലോ!!**
**എന്ത്,,,,,,?**

قال العلامة الحلي رحمه الله إن أبا بكر منع فاطمة إرثها فقالت يا ابن أي قحافة أ ترث أباك و لا أرث أبي و احتج عليها برواية تفرد هو بها عن جميع المسلمين مع قلة رواياته و قلة علمه و كونه الغريم لأن الصدقة تحل عليه. فقال لها إن النبي قال نحن معاشر الأنبياء لا نورث ما تركناه صدقة

**ഞങ്ങൾ അമ്പിയാക്കളുടെ ലിസ്റ്റിൽ പെട്ടവരാണ്... ഞങ്ങളിൽ നിന്ന് അനന്തര സ്വത്തെടുക്കപ്പെടാവുന്നതല്ല.....** ما تركناه صدقة **ഞങ്ങളെന്തെങ്കിലും ഉപേക്ഷിച്ചു പോയിട്ടുണ്ടെങ്കിൽ സ്വദഖയാണ്...........!**
**അമ്പിയാക്കളുടെ അനന്തര സ്വത്തായിട്ടുള്ളത് എടുക്കാൻ പാടില്ല....!!!**
**ഈ ഹദീസ് ഉപ്പ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.**
**ക : മ ന്ന് മിണ്ടിയില്ല...**
**പാത്രവും മടക്കിയങ്ങു പോയി...!!!**

**ഓ പാവം....!!!**
**ഇന്നത്തെ ഈ ഖൗമ് ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഫാത്തിമാബീവിക്ക് (റ) സ്വത്ത് മേടിച്ചു കൊടുത്തേനെ!!!!**
**എന്താ കാര്യം...?**
**പരിശുദ്ധ ഖുർആനിന്റെ നസ്സ് അല്ലെ,, സൂറത്തു ന്നിസാഇൽ**

يُوصِيكُمُ اللّهُ فِي أَوْلاَدِكُمْ لِلذَّكَرِ مِثْلُ حَظِّ الأُنثَيَيْنِ فَإِن كُنَّ نِسَاء فَوْقَ اثْنَتَيْنِ فَلَهُنَّ ثُلُثَا مَا تَرَكَ وَإِن كَانَتْ وَاحِدَةً فَلَهَا النِّصْفُ

**ഒരാളുടെ സ്വത്തിന്ന് പെൺകുട്ടികൾ മാത്രമേ ഉള്ളൂ എങ്കിൽ അത് രണ്ടിൽ കൂടുതൽ ഉണ്ടെങ്കിൽ** فَلَهُنَّ ثُلُثَا مَا تَرَكَ **ആ പെണ്ണുങ്ങൾക്ക് മൂന്നിൽ രണ്ട് കൊടുത്തു കൊള്ളണം........**
**ഒരാൾ മരിച്ചുപോയി, അയാൾക്ക് പെൺ മക്കളേ ഉള്ളൂയെങ്കിൽ, രണ്ടോ രണ്ടിലധികമോ ഉണ്ടെങ്കിൽ മൂന്നിൽ രണ്ട് അവർക്ക് കൊടുക്കണം......**
وَإِن كَانَتْ وَاحِدَةً **മരിച്ച് ഒരു പെണ്ണു മാത്രമേ ഒരുത്തനു അവകാശിയായിട്ട് ഉള്ളൂ എങ്കിൽ** فَلَهَا النِّصْفُ **അവൾക്ക് സ്വത്തിന്റെ നേരെ പകുതി കൊടുക്കണം,**

www.islamkerala.com

എന്ന് ഖുർആൻ ചക്കക്കുരു പോലെ എഴുതി വെച്ചിരിക്കുന്നു.
ഈ ആയത്ത് ഫാത്തിമാ(റ)ക്കും അവിടെ കൂടിയിരിക്കുന്ന ഒറ്റ സ്വഹാബത്തിനും അറിയാൻ വയ്യായിരുന്നോ കൃശവാ........?

ഈ ആയത്ത് ഇതിൽ കിടക്കുമ്പോൾ താങ്കൾ എന്താ ഇങ്ങിനെ പറയുന്നത്....? അപ്പോൾ 'ആ ഹദീസ് സ്വീകരിക്കണ്ട അത് ളഈഫാണ്...അത് തള്ളാം' എന്നല്ല......

അപ്പോൾ സ്വഹാബത്തിനിടയിൽ അവരുടെ പ്രശ്നങ്ങൾ വരുമ്പോൾ നബി (സ) എന്ത് പറഞ്ഞു എന്ന് ചിന്തിക്കുകയല്ലാതെ ഖുർആനിലോട്ട് നോക്കുന്ന പ്രശ്നമേ സ്വഹാബത്തിനുണ്ടായിരുന്നില്ല.......

ഇപ്പോൾ മനസ്സിലായോ........?

എന്റെ പ്രിയപ്പെട്ട സഹോദരങ്ങളേ!

തർക്കം ഒന്നു അല്ല ഇത്...!
വളരെ സ് ട്രൈറ്റ് ഫോർവാഡ് ആണ്..
ഞാൻ......
എനിക്കൊന്നിനോടും വല്ല അടുപ്പമൊന്നുമില്ല ഇപ്പം....
ഞാൻ സുന്നത്ത് ജമാഅത്തിൽ വിശ്വസിക്കുന്നവനാ.....
ഇപ്പോൾ എനിക്ക് നമ്മുടെ കൂട്ടരുമായിട്ടാണ് അടി....
എനിക്ക് തോന്നും ചിലപ്പം.....
എനിക്ക് കറാമത്തുണ്ടോ...എന്ന്,
അപ്പം തന്നെ നമ്മുടെ മനസ്സ് പറയും...
നമ്മുടെ അടവും പോക്കും എന്താണെന്ന് എനിക്കറിയാലോ!
അത്ര നിസ്സാരമായ കാര്യമല്ലല്ലോ കറാമത്ത്....!
പിന്നെ അതല്ല, ബുദ്ധിയുണ്ടല്ലോ, ബുദ്ധി കൊണ്ട് ദീർഘവീക്ഷണം വച്ച് കൊണ്ട് കാൽകുലേറ്റ് ചെയ്തു...
ഞാൻ പറയുന്നത് പോലെ , പോലെ പോവും. അത് കറാമത്തല്ല.
അല്ലയോ സുന്നികളേ! നിങ്ങൾ മറ്റുള്ളവരെ കടത്തി വെട്ടുന്ന കാലം അത്ര വിദൂരമല്ല! എന്ന് ഞാൻ പ്രസംഗിച്ചതിന് ലക്ഷം ആളുകൾ സാക്ഷിയുണ്ട്....
അന്ന് ഞാൻ പറഞ്ഞത് വഹാബികളെ കടത്തി വെട്ടുന്ന കാല അത്ര വിദൂരമല്ല എന്നാണ്........
ഇന്നവർ ലജ്ജിക്കുന്നുണ്ട്!! നമ്മുടെ പല പ്രവർത്തിയും കണ്ട്!!

പ്രിയപ്പെട്ടവരെ!

മദ്ഹബ് എന്നൊരു വിഷയം ഇല്ലെങ്കിൽ ഇസ്ലാമില്ല....

www.islamkerala.com

അത് പറയൽ ഒരു ബാധ്യതയാണ്.....എല്ലാവർക്കും ആവശ്യമുള്ള ഒരു കാര്യമാണ്.....
ഇനി പാർട്ടിയോ മറ്റോ ഒന്നു അങ്ങോട്ടും ഇങ്ങോട്ടും ഒന്നും തിരിഞ്ഞ് ചിന്തിക്കേണ്ട ഒരു കാര്യമില്ല......
ഞാൻ പ്രസംഗിക്കുന്നത് കേട്ട്, കെ സി അബ്ദുല്ല സാഹിബ് പറഞ്ഞല്ലോ..........
"വയലിത്തറയല്ലേ പ്രസംഗിക്കുന്നത് അത് കേൾക്കണം സ്റ്റാൻഡേർഡ് പ്രസംഗമല്ലേ അദ്ദേഹത്തിന്റേത് നമുക്കെല്ലാവർക്കും കേൾക്കാമല്ലോ" എന്ന്.....
ആരാ... അദ്ദേഹം ?
ജമാഅത്തിന്റെ ഇമാമുൽ അഅ്ളമാണ്.......
അപ്പം ഞാനീ വളവ് കൂടിയതൊന്നും പറയുന്ന ആളല്ല, കൃത്യമായിട്ട് നിഷ്പക്ഷ ബുദ്ധിയാൽ നിരീക്ഷ വീക്ഷണം ചെയ്തു ഏതൊരു വ്യക്തിക്കും എന്റെ ഈ ചർച്ചയ്ക്ക് എന്താ പറയുവാനുള്ളത്.....?
മുഴുവൻ ഖുർആൻ ഉദ്ധരിച്ചു കൊണ്ടല്ലേ കാര്യങ്ങൾ സമർത്ഥിക്കുന്നത്.......

അപ്പോൾ പ്രിയപ്പെട്ട സഹോദരങ്ങൾക്ക് കാര്യം മനസ്സിലായല്ലോ....?

സ്വഹാബത്തുകൾക്ക് ഖുർആനിലോട്ട് നോട്ടമില്ല.....
ഹദീസിലേക്കാണ് നോട്ടമുള്ളത്..!!
ഇനി ഇതിന്റെ അപ്പുറത്തേക്ക് ഒരു തെളിവു വേണോ ......?

(ഇതേ ചോദ്യം സദസ്സിനോട് ആവർത്തിച്ചു ചോദിച്ചു, വേണ്ട എന്നുത്തരം ലഭിച്ചപ്പോഴും,,,,
എന്നാലും ഒന്നൂടെ തന്നേക്കാം,,,
വേണ്ടെന്ന് പറഞ്ഞാലും ശകലം കൂടെ...........)

ഉമറുൽ ഫാറൂഖ്(റ), ഹദീസ് മുത്തഫക്കുൻ അലൈഹിയാ.....
ഹജറുൽ അസ്‌വദ് മുത്താൻ വേണ്ടി എല്ലാവരും വന്നു നിൽപുണ്ട്.
ഉമറുൽ ഫാറൂഖ്(റ) വും വന്നു.....
എല്ലാവരും മുത്തുന്നു....
മൂപ്പരിങ്ങനെ ദൂരെ നോക്കി നിൽക്കുകയാ,,
മുത്തുന്നില്ലെ...?
(അതൊന്നും കിതാബിൽ ഇല്ല ഞാനിട്ട് പറയുകയാ..)
മുത്തിക്കോ,,,,,,മുത്തിക്കോ....
ഞാൻ മുത്താം...
മൂപ്പരിങ്ങനെ കാലും ആട്ടിയാട്ടി നിൽക്കുയായിരിക്കും....
(ഞാനിട്ട് പറഞ്ഞതാ.... ഹദീസിലുള്ളതല്ല..)
അപ്പം മൂപ്പര് മുത്താനടുത്ത്.........എന്നിട്ട് പറയാ......
اني أعلم انك حجر
നീയൊരു കല്ലാണെന്നെനിക്കറിയാം......

www.islamkerala.com

ما تنفع ولاتضر
**നിന്നെക്കൊണ്ടൊരു ഗുണവുമില്ല ദോഷവുമില്ലെന്നും എനിക്കറിയാം......**
**പക്ഷെ,,,, നിന്നെ അല്ലാഹുവിന്റെ റസൂൽ (സ) മുത്തുന്നത് ഞങ്ങൾ കണ്ട് പോയി. അല്ലാഹുവിന്റെ റസൂൽ നിന്നെ മുത്തിയില്ല്ലാരുന്നുവെങ്കിൽ**
ولولا أني رأيت رسول الله صل لله عليه وسلم
**ഒരിക്കലും നിന്നെ ഞാൻ മുത്തുമായിരുന്നില്ല......**
**"അടിച്ചു പൊടിച്ചു ഞാൻ ജിദ്ധക്കടലിൽ എറിയുമായിരുന്നു!!**
**അല്ലാഹുവിന്റെ റസൂൽ (സ) നിന്നെ മുത്തിപ്പോയി പിന്നെ ഞങ്ങൾക്കിനി നോക്കാനൊന്നുമില്ല!!**

**പ്രിയപ്പെട്ട സഹോദരങ്ങളെ,**
**ഇതാണ് കാര്യത്തിന്റെ കിടപ്പ്........**

**ഉമർ(റ) വിനെപ്പോലെയുള്ള ആൾക്കാരെ ഇതിനു പ്രേരിപ്പിക്കുന്നത് എന്താണ്...?**
مَّنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ
وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا
**അങ്ങിനെ തുടങ്ങി അര ഡസനോളമുള്ള ആയത്തില്ലെ.......**
**നബിയെ പിൻപറ്റിക്കോ,**
**നബി(സ) പറഞ്ഞാ കേട്ടോ......,**
**നബി(സ) പറഞ്ഞതിന്റെ അപ്പുറത്തേക്ക് ചെയ്യാൻ പാടില്ലെന്ന് പറയുന്ന ആയത്തുകൾ, ആ ആയത്തുകൾ സ്വാധീനിച്ചിരിക്കുകയല്ലേ അവരെ............**
**ഖുർആൻ അംഗീകരിക്കുന്ന ഒരുത്തന്, പിന്നെ ഖുർആനിലെന്തുണ്ട് നോക്കി പ്പോവാനൊക്കൊ......?**
**ഖുർആൻ 100% അംഗീകരിക്കുന്ന ഒരുത്തന് പിന്നെ ഖുർആനിലേക്ക് പോവാനൊക്കൊ......?**
**അതാണ് നബി(സ) നിന്നെ മുത്തിക്കണ്ടില്ലായിരുന്നെങ്കിൽ എന്ന് പറഞ്ഞത്.**
**ഈ ഹദീസ് മുത്തഫക്കുൻ അലൈഹിയാണ്...**
**ആ... ഇനി അവിടെയൊന്നു പറഞ്ഞേക്കാം....!**
**ഇനി മുത്തഫക്കുൻ അലൈഹി എന്ന് പറഞ്ഞ് നടക്കേണ്ട!!!**
**ഞാൻ ഇനി പറയുന്നത് നിങ്ങൾ ശ്രദ്ധിച്ച് കേട്ടാൽ "മുത്തഫകുൻ അലൈഹി" മാത്രമാവണമെന്ന് നിങ്ങൾ പറയുന്നത് നിർത്തും**
**( പിന്നീട് വരും )**

**അപ്പം നബി(സ)യുടെ വാക്കും പ്രവർത്തിയുമാണ് നമ്മൾ അന്വേഷിക്കേണ്ടത്....**
**ഖുർആനിലെന്തുണ്ട്... എന്ന് പറഞ്ഞ്,**
**നമ്മുടെ നടപടി ക്രമങ്ങൾ പാകപ്പെടുത്തുന്നതിന് ഖുർആനിലേക്ക് തിരിഞ്ഞു നോക്കൽ അനിസ്ലാമികവും അതി വിരുദ്ധവുമാണ്.**

www.islamkerala.com

**അതിൽ ഇനി മാറ്റമൊന്നും വേണ്ട...!!**
**അതുറച്ച് പോയി.....!**

**പിന്നെ നബി(സ)യുടെ ഹദീസ്....**
**എന്താ ഈ ഹദീസ്....?**

**ഓർമ്മ വെച്ചോളണം സുന്നികൾ!!!**
**ശരിക്കും ശ്രദ്ധിക്കണം!!!**

**ഈ ഹ്ദീസ് ഹദീസ് എന്ന് പറഞ്ഞാൽ എന്തുവാ....?**
**എത്ര ഹദീസ് ആണ് ?**
**ആ..... അത് മുത്തഫക്കുൻ അലൈഹിയാണ് അതെല്ലാം സ്വീകരിക്കും....**
**ഹെയ്...മറ്റെതൊന്നും സ്വീകരിക്കത്തില്ല,**
**ഒക്കെ ളഈഫാണ്....**
**ഓർമ്മ വെച്ചോളണം കേട്ടോ...!!**
**വർത്താനം പറയുമ്പം സൂക്ഷിച്ച് വേണം.....**
**മുത്തഫക്കുൻ അലൈഹി എന്ന് പറഞ്ഞാൽ ബുഖാരിയും മുസ്‌ലിമും അംഗീകരിച്ചത് അല്ലേ....?**
**ബുഖാരിയും മുസ്‌ലിമും രിവായത്ത് ചെയ്ത ഹദീസ് മാത്രമേ സ്വീകരിക്കുകയുള്ളൂ എന്നൊരുത്തൻ പറഞ്ഞാൽ അവൻ കാഫിറും മുർത്തദ്ദും ആയിപ്പോവും.....**
**ഓർമ്മ വേണം.....**
**ഹദീസ് ലോകത്ത് നിന്നും അവൻ പുറത്ത് പോയി....**
**ബുഖാരിയിൽ ആകെപ്പാടെ,ആവർത്തനമൊഴിവാക്കിയാൽ നാലായിരത്തോളം ഹദീസല്ലേ ഉള്ളൂ.....**
**കാര്യത്തിന്റെ ഗൗരവം അറിഞ്ഞിട്ടാണോ ഈ വർത്തമാനം പറയുന്നത്...?**
**ഇരുപത്തിമൂന്ന് വർഷത്തിനുള്ളിൽ റസൂലുള്ളാഹ്(സ)ക്ക് എത്ര ലക്ഷം സ്വഹാബത്തുണ്ട്....?**
**എത്ര ലക്ഷം സ്വഹാബത്ത് റസൂലുല്ലാഹ് ന്റെ വഫാത്ത് സമയത്തുണ്ട്...?**

**അവരെല്ലാം ഒരു സ്വഹാബിയാകണമെങ്കിൽ റസൂലുല്ലാഹ് ന്റെ അടുത്ത് വരികയും തങ്ങളുടെ(സ) മുൻപിൽ ശഹാദത്ത് ചൊല്ലുകയും തങ്ങളുടെ മുൻപിൽ അൽപസമയം, വിശ്വസിച്ച് കൊണ്ട്, ഇരിക്കുകയും വേണ്ടേ....?**

**അപ്പം, ഈ ലക്ഷക്കണക്കിന് സ്വഹാബത്തിനോട് നബി(സ) സംസാരിച്ചിട്ടില്ലേ...?**
**ഈ ഹദീസുകളിൽ നിന്നും, 4000 ഹദീസ് കൊണ്ട് മാത്രമേ നിങ്ങൾ പിടിച്ചു നിൽക്കത്തുള്ളൂ എന്ന് പറഞ്ഞാൽ ഹദീസ് ലോകത്ത് നിന്നും അവനങ്ങു പോയി...!!!**
**10 ലക്ഷം ഹദീസ് സനദ് സഹിതം കാണാപാഠമുള്ളവരാ,**
**ഇമാം ശാഫി ഈ(റ) തങ്ങൾ...**

www.islamkerala.com

അങ്ങിനെ ഹദീസിന്റെഗവേഷകന്മാരായ മുഴുവൻ, സിഹാഹുസ്സിത്തയുടെ ഉലമാക്കളും ദീനിന്റെ അഇമ്മത്തുകളും ചെയ്ത സേവനം മുഴുവൻ കാറ്റത്തു പറത്തുകയല്ലേ ?....?
ബുഖാരിയുടെ ഹദീസെ ഞാൻ സ്വീകരിക്കത്തുള്ളൂ എന്ന് പറഞ്ഞാൽ!!

പുന്നാര തങ്ങളേ!!!
ബുഖാരി ഇമാം തങ്ങളേ!!!
തങ്ങളെന്തിനാണ് ഇങ്ങിനെ ചെയ്തതെന്ന് വരെ ഞാനൊരവസരത്തിൽ ചിന്തിച്ചു പോയി!!!
പിന്നെ ഞാൻ തൗബ ചെയ്യുകയൊക്കെ ചെയ്തു....!
ബുഖാരിയുടെ ഹദീസ്, ബുഖാരിയുടെ ഹദീസ് ഉണ്ടെങ്കിലേ സ്വീകരിക്കത്തുള്ളൂ എന്നൊരുത്തൻ പറഞ്ഞാൽ,
അവൻ ഹദീസിന്റെ ലോകത്ത് നിന്നും ഓടിപ്പോയി.......
ലക്ഷക്കണക്കിന് ഹദീസ് രാവും പകലും നടന്നു ഈ കാണുന്ന സ്വഹാബത്ത് മുഴുവനും,
ഈ സ്വഹാബത്തിനെ മുഴുവനും അവിടെ ഖുലഫാഉ റാഷിദീങ്ങൾ കണ്ടോണ്ടിരിക്കുകയാണോ...... ?
യമനിൽനിന്നും മറ്റിടത്തുനിന്നും മറിച്ചിടത്തുനിന്നും എല്ലാം വന്നു നബി(സ)യെ കണ്ട് സ്വഹാബിയായിട്ടങ്ങ് പോവുകയല്ലേ....?
അവരോടെല്ലാം പറഞ്ഞ കാര്യങ്ങൾ....!!

ഉമറുൽ ഫാറൂഖ്(റ)ന്റെ അടുത്ത് ചെന്ന് നിന്നു ഒരു ഹദീസ് ഓതിയിട്ട് ഇതിനു തെളിവ് തന്നിട്ടില്ലെങ്കിൽ നിന്നെ ഞാൻ ശിക്ഷിക്കുമെന്ന് പറഞ്ഞു.....
ഞാൻ കേട്ടിട്ടില്ലല്ലോ ഈ ഹദീസ് എന്നും പറഞ്ഞു....
തെളിവ് കൊടുത്തപ്പോൾ സമ്മതിച്ചു....

പറഞ്ഞത് മനസ്സിലായല്ലോ.....?

നമുക്കറിയാവുന്ന ഒരു കാര്യമല്ലേ...
നമ്മളിരിക്കുമ്പം, നമ്മൾ കൂട്ടു കൂടി നടക്കുന്ന എല്ലാവരോടും പറയുന്നത് മറ്റ് എല്ലാവരും അറിഞ്ഞിരിക്കണമെന്നുണ്ടോ.........?
അങ്ങിനെയാണോ നബി(സ) ?
ഏതെല്ലാം രാജ്യത്ത് സ്വഹാബത്തുണ്ട്... ഈ സ്വഹാബിയുടെ പ്രത്യേകതയെന്ന് പറയുന്നത് അവരുടെ ഇൽമോ അവരുടെ അമലിന്റെ വലുപ്പമോ അല്ലല്ലോ......
നബി(സ)യെ നേരിട്ട് ഒറ്റ നോട്ടമങ്ങു കണ്ടപ്പോൾ سراجا منيرا എന്ന ആ ലൈറ്റിന്റെ പ്രഭയങ്ങ് പ്രസരിച്ച് പോയാൽ പിന്നെ അവർ مخلوقات ൽവച്ച് അമ്പിയാക്കൾ കഴിച്ച് ഏറ്റവും ഉന്നതന്മാരാണ്......
ശാഫി ഈ (റ) ഇമാമിന്റെ അറിവുള്ള എത്ര സ്വഹാബിയുണ്ട്......?

www.islamkerala.com

ശാഫി ഈ(റ) ഇമാമിന്റെ അത്ര ഹദീസ് പാണ്ഡവമുള്ള എത്ര സ്വഹാബിയുണ്ട്.....?
കാര്യത്തിന്റെ യാദാർത്ഥ്യത്തിലേക്ക് കണ്ണോടിക്കാതെ, ശാഫിഈ(റ) ഇമാമിന്റെ അത്രയും ഹദീസ് പാണ്ഡവമുള്ള എത്ര സ്വഹാബിയുണ്ട്....?

ആവർത്തനമൊഴിവാക്കിയാൽ നാലായിരത്തോളം ഹദീസ് ബുഖാരിയിലുണ്ട്., അത് മാത്രമേ ഒള്ളൂ എങ്കിൽ പിന്നെ ദീനില്ല......

ഞാൻ പറയുന്നത് മനസ്സിലാവുന്നില്ലേ....?

ഏഴര ലക്ഷം ഹദീസ് ഇമാം അഹ്മദ് ബിൻ ഹമ്പൽ(റ)ന് പാഠമുണ്ടെന്ന് നമ്മളാരുമല്ല പറയുന്നത് അഭിപ്രായ വ്യത്യാസത്തിന്നു തറക്കല്ലിട്ട ഇബ്നുതീമിയ്യയുടെ പ്രധാനശിഷ്യനായ ഇബ്നുൽഖയ്യൂം ന്റെ "ഇഅലാമുൽ മുഖിഈൻ അൻറബ്ബിൽ ആലമീൻ " എഴുതി വെച്ചിരിക്കുന്നു.......
ഒരാൾ ചെന്നിട്ട് ഇമാം അവർകളോട് എനിക്ക് രണ്ട് ലക്ഷം ഹദീസ് കാണാപാഠമുണ്ട്, എന്നെയൊരു ഫഖീഹ് എന്ന് പറയാമോ എന്ന് ചോദിച്ചു.....
' ഇല്ല , നിന്നെ ഒരു പണ്ഡിതനെന്ന് പറയുകയില്ല............!!!
മൂന്ന് ലക്ഷം ഹദീസ് കാണാതെ പഠിച്ചോണ്ട് ചെന്ന് എന്നിട്ടും സമ്മതിച്ചില്ല...!!
നാല് ലക്ഷം ഹദീസ് കാണാതെ പഠിച്ചോണ്ട് ചെന്നപ്പോൾ നിന്നെയൊരു പണ്ഡിതനെന്ന് പറയാമെന്ന് ഇമാം പറഞ്ഞു....!!!
ഈ കഥ ഇബ്നുൽ ഖയ്യൂം രേഖപ്പെടുത്തുന്നു.......
ഇത് പറഞ്ഞയച്ച ഇമാം അവർകൾക്ക് ഏഴര ലക്ഷം ഹദീസ് കാണാപാഠമുണ്ട്..
ഈ ഇമാമ് ഏഴര ലക്ഷം ഹദീസ് കാണാപാഠമുണ്ടെന്ന് അവർ സമ്മതിക്കുന്ന അഹ്മദ്ബിനു ഹമ്പൽ(റ)ന്റെ ചരിത്രത്തിൽ 10 ലക്ഷം ഹദീസാണ് പറയുന്നത്....
ഏഴര ലക്ഷം അവർ സമ്മതിച്ചല്ലോ.....!!!
ആ ഏഴര ലക്ഷം ഹദീസ് കാണാതെ പഠിച്ചിരിക്കുന്ന മനുഷ്യൻ പിന്നെയും ഹദീസിന്റെ ഗവേഷണത്തിലായാണ് കഴിഞ്ഞ് കൂടുന്നത്.....!!
എവിടെയെങ്കിലോ ഒരു സ്വഹാബി ഉണ്ടെങ്കിൽ അവിടെപ്പോയി അദ്ദേഹവുമായി സംസാരിച്ചിട്ട്, നമ്മുടെ കൈവശം ഇല്ലാത്തത് എന്തെങ്കിലും നബി(സ) യിൽ നിന്ന് പറഞ്ഞു കേട്ടുകാണും,,,,
സ്വഹാബി അല്ലേ....
അവർ കള്ളം പിന്നെ പറയത്തില്ലല്ലോ...!!

പ്രിയപ്പെട്ട സഹോദരങ്ങളേ!
അങ്ങിനെ ബഹു : അഹ്മദ്ബിനു ഹമ്പൽ(റ) "മാ വറാഉന്നഹ്ർ" എന്ന സ്ഥലത്ത് ചെന്ന്, ഒരു മുഹദ്ദിസിനെ കാണാൻ പോവുകയാ, അവിടെ ഒരു മുഹദ്ദിസ് ഉണ്ട്, ധാരാളം ഹദീസ് പാണ്ഡവമുള്ള ഒരാളുണ്ട് എന്നറിഞ്ഞോണ്ട് പോവുകയാ.......!

ഈ എഴര ലക്ഷം ഹദീസ് പഠിച്ച ആൾ പിന്നെയും പോവുകയാ...!

വല്ലതും മനസ്സിലായോ!!!?

അവിടെ ചെന്നപ്പോൾ മൂപ്പര് ഒരു നായയ്ക്ക് ഇങ്ങിനെ തീറ്റ കൊടുത്തുകൊണ്ടിരിക്കുന്നു....
പത്തിരി പൊടിച്ചിട്ട് കൊടുക്കുകയാ!!
'അസ്സലാമു അലൈക്കും'
വ അലൈക്കും സലാം വറഹ്മതുള്ളാഹി വ
ബറകാതുഹു....
ഒന്നും മിണ്ടുന്നില്ല....
ഈ ജോലിയിലാ.....
തീറ്റയെല്ലാം കഴിഞ്ഞ് പട്ടി പോയി....
പോയപ്പം ഇങ്ങോട്ട് തിരിഞ്ഞു... എന്നിട്ട് ചോദിച്ചു..
നിങ്ങൾ എവിടെന്ന് വരുന്നു....?
ഇന്നിടത്തു നിന്നു...
അതാണ് നിങ്ങൾ....? അഹ് മദ് ബിനു ഹമ്പൽ.... المشهور
ആ പ്രസിദ്ധനായ അഹ്മദ് ബിൻ ഹമ്പൽ ആണോ....?
ഓ! നിങ്ങൾക്ക് വിഷമം തോന്നിയോ ?
നിങ്ങൾവന്ന് സലാം ചൊല്ലിയിട്ട് നിങ്ങളെ സ്വീകരിക്കുകയോ ഇരുത്തുകയോ ഒന്നും ചെയ്തില്ല...!!
നായക്ക് തീറ്റ കൊടുക്കുന്ന ജോലിയിലായിപ്പോയി ഞാൻ,,,,,
എന്നോട് നിങ്ങൾക്ക് വെറുപ്പ് തോന്നിയോ...?

പിന്നെ, വെറുപ്പല്ലാതെ പിന്നെ തേങ്ങയാണോ തോന്നുന്നത്....
അവർ കള്ളം പറയത്തില്ലല്ലോ!!
വെറുപ്പേ തോന്നിയുള്ളൂ....
വേറൊന്നും തോന്നിയില്ലെന്ന് പറഞ്ഞു......

നമ്മളാണെങ്കിൽ ' ഹേയ്, അങ്ങിനെയൊന്നും തോന്നിയില്ലെന്നു പറയും.....
മൂപ്പര് പറഞ്ഞു.! വെറുപ്പേ തോന്നിയുള്ളൂ വേറെ ഒന്നും തോന്നിയില്ലെന്ന്....
അപ്പം പറഞ്ഞു.....
വെറുക്കരുത്,'
എന്നോട് നിങ്ങൾ വെറുക്കരുതെന്ന്....!
അപ്പോൾ فاضت
അദ്ദേഹത്തിന്റെ കണ്ണ് നിറഞ്ഞു....
പുന്നാര നബി(സ) പറഞ്ഞിട്ടുണ്ട്.....
ഈ സ്ഥലത്ത് ماهذا أرض كلابها ഈ രാജ്യം പട്ടിയുള്ള സ്ഥലമല്ല...
എവിടെ നിന്നോ ഒരു പട്ടി ഇവിടെ വന്നു......

www.islamkerala.com

ഞാനുച്ചക്ക് ഭക്ഷണം കഴിക്കുകയായിരന്നു.
ഞാനൊരു കഷ്ണം പത്തിരി ഇട്ടുകൊടുത്തു.....
ഇഷ്ടം ഞാനാകെ കുഴഞ്ഞു പോയി....
പിന്നെ എല്ലാ ദിവസവും ആ വഖ്ത് ആവുമ്പം ആടൈമിൽ
ആ പട്ടി ഇങ്ങ് വരികയാ....
എവിടെയോ സ്ഥലത്ത് നിന്നും എന്നെ കരുതി വരികയാ ആ പട്ടി....
എന്നെ കരുതി വരുന്ന, ആഗ്രഹം മുറിച്ചിട്ട് നിങ്ങളോട് സംസാരിക്കാൻ എനിക്ക് ധൈര്യമില്ല......
എന്ത് കൊണ്ട്!

عن أبي هريرة رضي الله تعالى عنه، أن النبي صلى الله عليه وسلم قال: "من قطع رجاء من ارتجاه، قطع الله منه رجاءه يوم القيامة، فلم يلج الجنة.

ഒരാൾ ഒരാളിനെ കരുതി വന്നാൽ അതിനു കഴിവുള്ളതിനോട് കൂടെ അവന്റെ ആഗ്രഹം മുറിച്ച് കളഞ്ഞാൽ
قطع الله منه رجاءه يوم القيامة
ഖിയാമത്ത് നാളിൽ ഇവന്റെ ഒരു ആഗ്രഹത്തെ
അല്ലാഹു മുറിച്ച് കളയും,
എന്ന ഈ ഹദീസ് കാരണമായിട്ട് എന്നെ അന്വേഷിച്ചു വരുന്ന ഈ നായയുടെ ആഗ്രഹം മുറിച്ച് കളഞ്ഞിട്ട് നിങ്ങളോട് സംസാരിക്കാനും സ്വീകരിക്കാനും എനിക്ക് സാധിച്ചില്ല.....

ഇത് കേട്ടപ്പോൾ അഹ്മദ് ബിനു ഹമ്പൽ كفاني എനിക്ക് മതിയായിപ്പോയി.
എനിക്കിത് കിട്ടിയിട്ടില്ല...
ഇത് ഒരു സ്വഹാബിയാണീ പറഞ്ഞു കൊടുക്കുന്നതേ!!!

പറയുന്നത് മനസ്സിലായോ...?

ഒരു ഹദീസിന്റെ പണ്ഡിതനാണീ പറയുന്നത്.....
ഇങ്ങിനെ ഗവേഷണം നടത്തി റസൂൽ(സ) യുടെ ഹദീസുകൾ ഹദീസു സുലസി എന്നും ഹദീസ് റുബാഈ എന്നൊക്കെയുണ്ട്....
അത് മുഴുവനും സ്വീകരിക്കേണ്ടേ...?

23 കൊല്ലത്തിനിടയിൽ നബി തങ്ങൾ(സ) ഈ രണ്ടായിരത്തിൽ പരം വാക്കേ പറഞ്ഞിട്ടുള്ളൂ എന്ന് പറഞ്ഞാൽ പിന്നെ ഇസ്ലാം ദീനുണ്ടോ ?
അഷം, അത്കൊണ്ട് ലക്ഷക്കണക്കിനു ഹദീസുകളുണ്ട്.... അതാണ് ബുഖാരി ,മുസ്ലിം, ഇബ്നുമാജ, തിർമുദി, അബൂദാവൂദ്, നസാഈ തുടങ്ങിയ കിത്താബുകൾ മുഴുവനും, അതിൽ നിന്നും സ്വഹീഹും, ളഈഫും, മുത്തസിലും, മുർസലും, മർഫൂഉം, മൗളൂഹും, മൗകൂഹും, മശ്ഹൂറും എല്ലാം അവർ നമുക്ക് തിരുത്തി പറഞ്ഞു തന്നിട്ടുണ്ട്...........

തർളീമ് തർഹീമിന്റെ ഹാലിൽ ളഈഫായ ഹദീസ് സ്വീകരിക്കൽ മുസ്തഹബ്ബാണെന്ന് ഇമാം നവവി(റ) എഴുതി വെച്ചാൽ പിന്നെ ഏത് മുസ്ലിമിനെടാ അതിനെതിരായിട്ട് ചിന്തിക്കാനുള്ള അവകാശം....?
ളഈഫായ ഹദീസാണെങ്കിൽ പോലും സ്വീകരിച്ചുകൊള്ളണം.......

പ്രിയപ്പെട്ട സഹോദരങ്ങളെ...!
തർളീമും തർഹീമും....
അതായത് നല്ലത് കൊണ്ട് ഉപദേശിക്കലും ചീത്തയെ തടയുകയും ചെയ്യുന്ന സ്ഥലത്ത് ഹദീസ് ളഈഫാണെങ്കിലും ഉപയോഗത്തിൽ സുന്നത്താണ്......
അപ്പം ഇങ്ങിനെയാണ് ഹദീസ് കിടക്കുന്നത്... ' അത് ബുഖാരിയുടെ ഹദീസ് സ്വീകരിക്കും........
ബുഖാരിയുടെ ഹദീസുകൾ എന്ന് ചോദിക്കുന്ന
ചോദ്യം ഇനി ഒരൊറ്റ സുന്നിയും ചോദിച്ചു പോവരുത് കേട്ടോ..........!!!
ഹദീസ് ഉണ്ടെങ്കിൽ ഉണ്ട്,
സ്വഹീഹാണോ ?
'ആ...... അത് ബുഖാരി തന്നെ രിവായത്ത് ചെയ്തോളണം എന്നില്ല......

ഇങ്ങിനെ മഹാനായ നബി(സ) പറഞ്ഞതെന്താണെന്ന് നോക്കി അതനുസരിച്ച് പോവുകയല്ലാതെ സ്വഹാബത്തിനെ സംബന്ധിച്ച് മറ്റൊരു പരിപാടിയുമില്ല.....
ഖുർആനിൽ എന്തുണ്ടെന്ന് അവർ ചിന്തിക്കുകയില്ല....!!
അങ്ങിനെ നബി(സ) യെ പിൻപറ്റുന്ന പ്രവണതയാണ് സ്വഹാബത്തിനുണ്ടായിരുന്നത്.

اذ لا دليل علي الطريق الي الاله * الا متابعة الرسول المكملا
في حالــــه وفعالــــه ومقالــــه * فتتبعن وتابعا لا تعـــــــدلا

اذ لادليل على الطريق അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് ചേരാൻ ഒരു വഴിയുമില്ല الا متابعة الرسول റസൂലിനെ പിൻപറ്റുകയല്ലാതെ,
في حاله وفعاله ومقاله
മനസാ, വാചാ, കർമ്മണാ നബി(സ)യെ പിൻ പറ്റുകയല്ലാതെ
അല്ലാഹുവിലേക്ക് ചേരുന്നതിന്ന് മറ്റു മാർഗ്ഗമൊന്നുമില്ല........
അത് സ്വഹാബത്ത് (റ) പൂർണ്ണമായിട്ട് അത് പോലെതന്നെയങ്ങ് ചെയ്തു.....

അങ്ങിനെ ചെയ്തിട്ട് അല്ലാഹു സുബ്ഹാനഹു വതആലാ അവരെ സമ്മതിച്ചു, അവരുടെ പിൻപറ്റൽ പ്രശ്നം പൂർണ്ണമായപ്പോൾ,അല്ലാഹു അവരെ പൊരുത്തപ്പെട്ടപ്പോൾ അവരെക്കുറിച്ച് മദ്ഹങ്ങ് പറഞ്ഞ് തുടങ്ങി....

www.islamkerala.com

لِلْفُقَرَاء الْمُهَاجِرِينَ الَّذِينَ أُخْرِجُوا مِن دِيارِهِمْ وَأَمْوَالِهِمْ يَبْتَغُونَ فَضْلًا مِّنَ اللَّهِ وَرِضْوَانًا وَيَنصُرُونَ اللَّهَ وَرَسُولَهُ أُوْلَئِكَ هُمُ الصَّادِقُونَ

**ആയത്തിന്റെ അർത്ഥമെല്ലാം പറഞ്ഞാൽ സമയം പോവും അത് കൊണ്ട് അത്യാവശ്യമുള്ളത് മാത്രമേ ഞാൻ പറയുള്ളൂ..**

**ആ മക്കത്തു നിന്നും മദീനത്തേക്ക് സ്വന്തം വീടും കുടുംബവും ഉപേക്ഷിച്ചു കൊണ്ട് അല്ലാഹുവിനെയും അവന്റെ റസൂലിനെയും സഹായിക്കാൻ വേണ്ടി വന്ന മുഹാജിറുകളായ സ്വഹാബാക്കൾ അവർ** أُوْلَئِكَ هُمُ الصَّادِقُونَ **മുഴുവനും സിദ്ധീഖീങ്ങളാണ്........**
**സിദ്ധീഖീങ്ങളാണ് അവർ മുഴുവനും...**
**അല്ലാഹു കുറച്ചൊന്നുമല്ല പറഞ്ഞത്...**
**മുഹാജിറുകളായ മുഴുവൻ സ്വഹാബത്തും സിദ്ധീഖീങ്ങളാണ്.....**
**സിദ്ധീഖ് എന്ന് പറഞ്ഞാൽ പണ്ഡിതന്മാർക്കറിയാം... സിദ്ധീഖ് എന്ന് പറഞ്ഞാൽ** اهل الله.......هم الصفوة من المؤمنين **എന്ന് പറഞ്ഞു.. അത് മൗലിയാക്കന്മാരോട് ചോദിച്ചോളൂ...........**
**അവർ മുഴുവനും സിദ്ധീഖീങ്ങളാണ്.....മുഹാജിറുകൾ.....**
**അല്ലാഹു തആലാ വീണ്ടും സ്വഹാബത്തിന്റെ മദ്ഹ് പറയുന്നു.**

وَالَّذِينَ تَبَوَّؤُوا الدَّارَ وَالْإِيمَانَ مِن قَبْلِهِمْ يُحِبُّونَ مَنْ هَاجَرَ إِلَيْهِمْ وَلَا يَجِدُونَ فِي صُدُورِهِمْ حَاجَةً مِّمَّا أُوتُوا وَيُؤْثِرُونَ عَلَى أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ وَمَن يُوقَ شُحَّ نَفْسِهِ فَأُوْلَئِكَ هُمُ الْمُفْلِحُونَ

**മദീനക്കാരായ അൻസാരികളായ മുഴുവൻ സ്വഹാബത്തിനെയും**
**അല്ലാഹു തആലാ മുഫ്‌ലിഹീങ്ങളാക്കിയങ്ങ് മാറ്റി..........**
**ആയത്തിന്റെ അർത്ഥം പറയേണ്ടല്ലോ.......ഇത് മതിയല്ലോ!!**
**മുഴുവനും** فَأُوْلَئِكَ هُمُ الْمُفْلِحُونَ== أُوْلَئِكَ هُمُ الصَّادِقُونَ
**ഇനിയൊന്നും പറയേണ്ട.....!!!**
**അവരെ അല്ലാഹു സുബ് ഹാനഹു വതആലാ**
**ഗ്രൂപ്പിൽ വെട്ടക്കായിട്ട് ഡിക്ലയർ ചെയ്തു............**

وَالسَّابِقُونَ الأَوَّلُونَ مِنَ الْمُهَاجِرِينَ وَالأَنصَارِ وَالَّذِينَ اتَّبَعُوهُم بِإِحْسَانٍ رَّضِيَ اللّهُ عَنْهُمْ وَرَضُواْ عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الأَنْهَارُ خَالِدِينَ فِيهَا أَبَدًا ذَلِكَ الْفَوْزُ الْعَظِيمُ

**മുഹാജിറുകളും അൻസാറുകളുമായ സ്വഹാബത്തും അവരെ പിൻപറ്റിയ താബി ഈങ്ങളും** رَّضِيَ اللّهُ عَنْهُمْ
**അവരെ അല്ലാഹു തആലാ പൊരുത്തപ്പെട്ടവരാണ്.......**
**ഇനിയൊന്നും പറയാനില്ല.....**

www.islamkerala.com

സ്വഹാബത്തിനെ അല്ലാഹു തആലാ പൊരുത്തപ്പെട്ടു
എന്ന് പറഞ്ഞാൽ പിന്നെ അവിടെ ഇയ്യ് എന്തുവാടൊ...!!!
ഖുർആനാ ഞാനീപറയുന്നത്,
അല്ലാതെ അക്ബർ സ്വദഖയുടെ പാട്ടിൽ നിന്നല്ല.
ഞാനീ പാടുന്നത്..!!
' ഓർമ്മ വേണം...! പരിശുദ്ധഖുർ ആനാണ്....

لَقَدْ رَضِيَ اللَّهُ عَنِ الْمُؤْمِنِينَ إِذْ يُبَايِعُونَكَ تَحْتَ الشَّجَرَةِ فَعَلِمَ مَا فِي قُلُوبِهِمْ فَأَنزَلَ السَّكِينَةَ عَلَيْهِمْ وَأَثَابَهُمْ فَتْحًا قَرِيبًا

ആ മരത്തിന്റെ താഴെ വച്ച
തങ്ങളോട് ബയ് അത്ത് بيعة ചെയ്ത സ്വഹാബാക്കളില്ലെ!!
അവരു മുഴുവനും رَّضِيَ اللهُ عَنْهُمْ
അല്ലാഹു അവരെ പൊരുത്തപ്പെട്ടിരിക്കുന്നു...
സ്വഹാബത്തിന്റെ മദ് ഹാണ് ഈ പറയുന്നത്,,,,,,

لَا تَجِدُ قَوْمًا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ يُوَادُّونَ مَنْ حَادَّ اللَّهَ وَرَسُولَهُ وَلَوْ كَانُوا آبَاءهُمْ أَوْ أَبْنَاءهُمْ أَوْ إِخْوَانَهُمْ أَوْ عَشِيرَتَهُمْ أُوْلَئِكَ كَتَبَ فِي قُلُوبِهِمُ الْإِيمَانَ وَأَيَّدَهُم بِرُوحٍ مِّنْهُ وَيُدْخِلُهُمْ جَنَّاتٍ تَجْرِي مِن تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ أُوْلَئِكَ حِزْبُ اللَّهِ أَلَا إِنَّ حِزْبَ اللَّهِ هُمُ الْمُفْلِحُونَ

ഖുർ ആനിൽ അല്ലാഹു പറഞ്ഞു.....
സ്വഹാബത്തിന്റെ മദ്ഹ് പറഞ്ഞ് പറഞ്ഞ്
വന്നിട്ട് رَضِيَ اللَّهُ عَنْهُمْ അവരെ മുഴുവനും അല്ലാഹു പൊരുത്തപ്പെട്ടു....

الَّذِينَ آمَنُواْ وَهَاجَرُواْ وَجَاهَدُواْ فِي سَبِيلِ اللّهِ بِأَمْوَالِهِمْ وَأَنفُسِهِمْ أَعْظَمُ دَرَجَةً عِندَ اللّهِ وَأُوْلَئِكَ هُمُ الْفَائِزُونَ

അല്ലാഹുവിനെ അടുക്കൽ ഒരു ദറജ അല്ലാഹു തആലാ കൊടുത്തിരിക്കുന്നു....
സ്വഹാബത്തിന്ന്....
അല്ലാഹുവിന്റെ അടുത്തൊരു ദറജ.....

أَعْظَمُ دَرَجَةً عِندَ اللّهِ

അല്ലാഹുവിന്റെ അടുക്കലൊരു ദറജ ഉള്ളവരാണ് സ്വഹാബത്ത്.......
പറയുമ്പം പത്തെണ്ണം പറയണ്ട....!!!
മഹാന്മാരായ സ്വഹാബത്ത്(റ) ന്റെ മദ്ഹ്.

www.islamkerala.com

إِنَّ اللّهَ اشْتَرَى مِنَ الْمُؤْمِنِينَ أَنفُسَهُمْ وَأَمْوَالَهُم بِأَنَّ لَهُمُ الجَنَّةَ يُقَاتِلُونَ فِي سَبِيلِ اللّهِ فَيَقْتُلُونَ وَيُقْتَلُونَ وَعْدًا عَلَيْهِ حَقًّا فِي التَّوْرَاةِ وَالإِنجِيلِ وَالْقُرْآنِ وَمَنْ أَوْفَى بِعَهْدِهِ مِنَ اللّهِ فَاسْتَبْشِرُواْ بِبَيْعِكُمُ الَّذِي بَايَعْتُم بِهِ وَذَلِكَ هُوَ الْفَوْزُ الْعَظِيمُ

**അല്ലാഹു സുബ് ഹാനഹു വതആലാ അവരുടെ സമ്പത്തിനെയും അവരുടെ ശരീരത്തിനെയും പണയം വാങ്ങിച്ചിരിക്കുന്നു.**
**സ്വർഗ്ഗം കൊടുക്കാമെന്ന കരാറിൽ....**
**ഈ കരാർ തൗറാത്തിലും ഇൻ ജീലിലും പറഞ്ഞിട്ടുള്ളതാണ്.**
**ഇവരെ പറ്റിയിട്ടുള്ള കരാർ...!!**
**മഹാന്മാരായ സ്വഹാബത്തുമായിട്ട് കരാറാണെന്ന് പടച്ചോൻ.......**

التَّائِبُونَ الْعَابِدُونَ الْحَامِدُونَ السَّائِحُونَ الرَّاكِعُونَ السَّاجِدونَ الآمِرُونَ بِالْمَعْرُوفِ وَالنَّاهُونَ عَنِ الْمُنكَرِ وَالْحَافِظُونَ لِحُدُودِ اللّهِ وَبَشِّرِ الْمُؤْمِنِينَ

**അല്ലാഹുവിന്റെ ദീനിന്റെ അതിർ വരമ്പുകൾ കാത്ത് സൂക്ഷിക്കുന്നവരാണ് സ്വഹാബത്ത്.....**
**ബാക്കിയെല്ലാം ഞാൻ വിട്ടു..**
**അത് മാത്രം ഇങ്ങോട്ടെടുത്തു...**
وَالْحَافِظُونَ لِحُدُودِ اللّهِ
**അല്ലാഹുവിന്റെ ദീനിന്റെ ഹദ്ദ്കളെ കാത്ത് സൂക്ഷിക്കുന്നവരാണ് സ്വഹാബത്ത്...**
**റസൂലുല്ലാഹി (സ)യുടെ സ്വഹാബത്തിനെ കുറിച്ചാണ് ഈ ആയത്തുകൾ മുഴുവൻ ഞാൻ ഓതുന്നത്....**
**ഇനി ഞാനവസാനിപ്പിച്ചു....**
**ഒറ്റ ആയത്ത് കൊണ്ട്**
**ഇതിനെല്ലാറ്റിനും മുകളിൽ അടിച്ചേക്കാം.....!!!**

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلاَمَ دِينًا

**ഇത് വരെ പറഞ്ഞതിൽ വെച്ച് ഏറ്റവും ഗൗരവമുള്ള ആയത്താണിത്....!!!!**

**ഇന്ന് നിങ്ങളുടെ ദീൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു...**
وَأَتْمَمْتُ عَلَيْكُمْ نِعْمَتِي
**എന്റെ നിഅ്മത്തും നിങ്ങൾക്ക് പൂർത്തിയാക്കിത്തന്നിരിക്കുന്നു.**
وَرَضِيتُ لَكُمُ
**ഞാൻ തൃപ്തിപ്പെട്ടു തന്നിരിക്കുന്നു.**

www.islamkerala.com

**അപ്പം ആദം നബി(അ) ന്റെ കാലത്ത് അല്ലാഹു സൂക്ഷിച്ച ദീനിന്റെ പരിപൂർ ണ്ണതയിലെത്തിയ ഈ പരിശുദ്ധ ദീൻ പൂർത്തിയാക്കി,**
**ഇതാ നിങ്ങളെയാണ് ഏൽ പിച്ചിരിക്കുന്നത്........**
**ഇനി എന്താടോ !!!**
**ഒരു സ്വഹാബിയാണെന്നങ്ങു തെളിഞ്ഞു കഴിഞ്ഞാൽ പിന്നെ അവരുടെ പുസ്തകം പരിശോദിക്കാൻ ഭൂമിയിൽ,**
**ആർക്കാ ഏത് ഇമാമിന്നവകാശമുണ്ടെടോ...?**
**അല്ലാഹു തആലാ അവന്റെ പൂർണ്ണമായ ദീനിനെ കാക്കാനങ്ങോട്ട് നിങ്ങളെ ഏൽ പിച്ചു എന്നല്ലേ..**
**ഈ പറയുന്നത്...അല്ലേ!!! ?**

وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلاَمَ دِينًا
**അപ്പോൾ**
**അല്ലാഹു സുബ്  ഹാനഹു വതആലായുടെ ദീനിന്റെ പരിശുദ്ധ രൂപം, പൂർണ്ണമായ രൂപം കാക്കാൻ ഏൽപിച്ച ആൾക്കാരാണ് സ്വഹാബത്ത്......**

**ഇനി സ്വഹാബത്തിനെ പറ്റി ഇതിനപ്പുറം ഒരു മദ്ഹ് പറയാൻ ഞാനുദ്ദേശിക്കു ന്നില്ല.**
**അങ്ങിനെത്തെ സ്വഹാബത്ത്**

حوو عزا وفضلا ذا كمال   *   بصحبة خاتم الرسل البهي

**പറയുന്നത് മനസ്സിലായില്ലേ!!!?**

أيد الديــــن بقوم قادة وســـــــادة   *   هاجروا وناصروا وشاهدوا بالملة
انهم أحجائها نورا وللشــــــهادة   *   ذكرهم ذا في الكتاب الزاهد والسنة
هم خشوع وخضوع في محال لهم   *   هم زهود ووقود في مجال الغزوة
هؤلاء القوم صحب الهاشمي المصطفي   *   عنهم دوما رضاء الله رب العزة

**മഹാന്മാരായ സ്വഹാബത്തിന്റെ ചരിത്രം കൊണ്ട്**
ذكرهم **ഖുർആനും ഹദീസും എത്ര വന്നിരിക്കുന്നു.....**

هم خشوع **അവർ അല്ലാഹുവിന് നല്ല** خشوع **തന്നെയാണ്**
خضوع **അവർ ഭയപ്പെട്ട, അങ്ങേയറ്റം വിനയാന്വിതരാണ്.....**
**പേടിച്ചവരാണ്....**
**എവിടെ ?**
حال لهم

www.islamkerala.com

ഇബാദത്തെടുക്കുന്ന സ്ഥലത്ത് ചെല്ലുമ്പം...
അവരെപ്പോലെ പേടിയുള്ളവരെ ആരെയും കാണത്തില്ല...
അതേസമയത്ത് هم زهود ووقود في مجال الغزوة
യുദ്ധക്കളത്തിലോട്ട് പ്രത്യക്ഷപ്പെട്ടാൽ രണാങ്കളത്തിൽ വന്നാൽ ഗർജ്ജിക്കുന്ന സിംഹങ്ങളുമാണ്....
അങ്ങിനെത്തെ മഹാന്മാരായ സ്വഹാബത്ത് അവർ ഒരുമിച്ച് കൂട്ടിയിരിക്കുന്നു.

وما نال الصحابة رضوان الله عليهم هذا المقام السامي والدرجة الرفيعة بعد أن كانوا في ظلمات الجاهلية إلا بمصاحبتهم لرسول الله صلى الله عليه وسلم ومجالستهم له. وما أحرز التابعون هذا الشرف العظيم إلا باجتماعهم بأصحاب رسول الله صلى الله عليه وسلم.
റസൂലുല്ലാഹ് (സ)മായിട്ടുള്ള കൂട്ട് കെട്ട് കൊണ്ട് ഈ വമ്പിച്ച പദവിയെ അവർ ഒരുമിച്ച് കൂട്ടി.
وما نال الصحابة
സ്വഹാബത്ത് ഒരുമിച്ച് കൂട്ടിയിട്ടില്ല
والدرجة الرفيعة
ഈ വമ്പിച്ച ബഹുമാനത്തെ ഉന്നത പദവിയെ സ്വഹാബത്ത് ഒരുമിച്ച് കൂട്ടിയിട്ടില്ല
إلا بمصاحبتهم لرسول الله صلى الله عليه وسلم
നബി(സ)യുമായിട്ടുള്ള കൂട്ട് കെട്ട് കൊണ്ടല്ലാതെ......
റസൂലു (സ)യുമായുള്ള صحبة
കൊണ്ടാണ് അവർക്കിത്രയും വലിയ പദവി ഉണ്ടായത്....
താബി ഉകൾ വലിയ പദവി ഒരുമിച്ച് കൂട്ടിയത് ,
وما أحرز التابعون هذا الشرف العظيم إلا باجتماعهم بأصحاب رسول الله صلى الله عليه وسلم.
റസൂലുല്ലാഹ് (സ)യുടെ സ്വഹാബത്തുമായുള്ള കൂട്ട് കെട്ട് കൊണ്ടാണ് താബി ഉകൾക്ക് ഇത്രയും വലിയ പദവിയുണ്ടായത്........
അപ്പം ബഹു : നബി(സ) യുടെ സ്വഹാബത്ത് എന്ന് പറയുന്നത് എന്താണെന്ന്,
ഇപ്പം നമ്മൾ മനസ്സിലാക്കി......
നബി(സ)യെ നേരിട്ട് തങ്ങളെ നിർദ്ദേശങ്ങൾ അപ്പാടെ സ്വീകരിച്ച് ബഹുമാനപ്പെട്ട റബ്ബുൽ ഇസ്സത്ത് അവരുടെ മദ്ഹ് കൊണ്ട് ഇത്രയും അധികം ആയത്തുകൾ,
ഇനിയെത്ര......!!!
അല്ലാഹു തആലാ എത്ര സ്ഥലത്താണ് പറഞ്ഞത്
അവരെ പൊരുത്തപ്പെട്ടു.....

www.islamkerala.com

അവരെയും അവരെ പിൻപറ്റിയ താബിഉകളെയും പൊരുത്ത
പ്പെട്ടെന്ന് ഡിക്ലയർ ചെയ്തു......!!!
ഇത്രയും പടച്ചവൻ ചെയ്താൽ പിന്നെ നബി(സ)ക്ക് വല്ല ജോലിയും
ഉണ്ടോടൊ.!
നബി(സ) പറയുകയാ.....

أصحابي كالنجوم فبأيهم اقتديتم اهتديتم

എന്റെ സ്വഹാബാക്കൾ നക്ഷത്രങ്ങളെ പോലെയാണ്, അവരിൽ ആരെ പിൻ പറ്റിയാലും ഹിദായത്ത് ആണ്.......
' ഓ! വലിയ കാര്യമായിപ്പോയി...
നബി(സ) പറഞ്ഞത് എന്ന്.....
റസൂലുല്ലാഹ്ക്ക് ഇനി വല്ലതും നോക്കണോ പറയാൻ....?
ഇത്രയധികം സ്വഹാബത്തിനെക്കുറിച്ച് അല്ലാഹു തആലാ പ്രശംസിച്ചാൽ പിന്നെ നബി(സ)ക്ക് പറയുന്നതിന്നു വല്ലതും നോക്കണോ....?

പറയുന്നത് മനസ്സിലാവുന്നില്ലേ...?

അവരെ ആരെ പിൻപറ്റിയാലും ഹിദായത്ത് ആണ്....

عن جابر أن رسول الله صلى الله عليه وسلم قال: (إن الله إختار أصحابي على جميع العالمين سوى النبيين والمرسلين، واختار لي من أصحابي أربعة فجعلهم خير أصحابي وفي كل أصحابي خير: أبو بكر وعمر وعثمان وعلي. واختار أمتي على سائر الأمم فبعثني في خير قرن ثم الثاني ثم الثالث تترى ثم الرابع فرادى)

എന്റെ അസ്വ്ഹാബിനെ

إن الله إختار أصحابي

അല്ലാഹു തആലാ നിലനിർത്തും. അല്ലാഹു പ്രിയംവെച്ച ഏറ്റവും ശ്രേഷ്ഠന്മാരായിട്ട്

على جميع العالمين

മുഴുവൻ ലോകരിൽ

അമ്പിയാ മുർസലുകൾക്ക് ശേഷം.... سوى النبيين والمرسلين

واختار لي من أصحابي أربعة

അവരിൽ നിന്നും നാല് പേരെ എനിക്ക് Specialist
ചെയ്തു തന്നു പടച്ചവൻ,

അവരെ فجعلهم خير أصحابي

എന്റെ അസ്വ് ഹാബിൽ, അല്ലാഹു അവരെ ഖയ്റാക്കിയിരിക്കുന്നു.........

أبو بكر وعمر وعثمان وعلي

അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ (റ), അലി(റ) ഇവരാണവർ.

وفي كل أصحابي خير

www.islamkerala.com

**എന്റെ സ്വഹാബത്തിന് മുഴുവനും ഖൈറ് ഉള്ളതിനോടു കൂടെ.....**

**സ്വഹാബത്തിന്റെ മദ് ഹ് കൊണ്ട് നബി(സ) പറയുകയാണിത്......**
**ഖുർആനിൽ പറഞ്ഞേൽ പിന്നെ നബി(സ)ക്ക് വല്ലതും നോക്കനുണ്ടോ....?**
**നബി(സ) ഇനി പറഞ്ഞാൽ മതിയല്ലോ....**

عليكم بسنتي وسنة الخلفاء الراشدين المهديين

**നേർവഴി ആയവരും നേർവ്വഴിയിലാക്കുന്നവരുമായ എന്റെ ഖുലഫാ ഉ റാഷി ദീങ്ങളുടെ സുന്നത്തിനെ നിങ്ങൾ മുറുകെ പിടിക്കണം........**
**അണപ്പല്ല് കൊണ്ട് കടിച്ച് പിടിച്ചോളണം നിങ്ങൾ.....**
**റസൂലുല്ലാഹ് പറയുകയാ..!!**
**ശരിക്ക് ശ്രദ്ധിക്കണം....!!**
**ശരിക്കെന്റെ കൂടെ നിങ്ങൾ വരണം....**
**എന്നിട്ടിനി അതിൽ നിന്നു രണ്ട് പേരെ മാറ്റി ക്കൊണ്ട് നബി പറയുകയാ.....**

اقتدوا باللذين من بعدي أبي بكر وعمر فإنهما حبل الله الممدود فمن تمسك بهما فقد تمسك بعروة الله الوثقى التي لا انفصام لها

**എനിക്ക് ശേഷം അബൂബക്കറിനെയും ഉമറിനെയും നിങ്ങൾ ശ്രദ്ധിച്ചോള ണം.....!!**
**അവരെ നിങ്ങൾ മുറുകെ പിടിച്ചോളണം.....**
**അല്ലാഹുവിന്റെ കെട്ടപ്പെട്ട കയറുകളാണവർ** فمن تمسك
**ആരെങ്കിലും അവരെ മുറുകെ പിടിച്ചാൽ** فقد تمسك
**ഒരിക്കലും മുറിയാത്ത കയറു കൊണ്ട് നിങ്ങൾ പിടിച്ചു പോയി........**
**എടോ....!!**
**മതിയാ...!!?**
**അവരിലാരെ പിൻപറ്റിയാലും നിങ്ങൾക്ക് ഹിദായത്ത് ആണ്.**
**ഇനി വല്ലതും ചിന്തിക്കണോ....?**
**തബിഈങ്ങൾ എന്ത് ചെയ്തെന്ന്...**
**റസൂൽ (സ)യുടെ സ്വഹാബത്തിനെ നോക്കി അവരങ്ങ് ചെയ്യുന്നു....**
**അവരെന്ത് പറയുന്നു, അതങ്ങു അനുസരിച്ചു.........**
**എടോ,**
**ഇതല്ലാത്ത ഒരു മാർഗ്ഗം നിങ്ങൾ പറഞ്ഞു താ.........**
**അല്ലാഹു തആലാക്ക് വഴിപ്പെടാനും അവൻ ഏകിയെതെടുക്കാനും വിലങ്ങി യതുപേക്ഷിക്കാനും ഇങ്ങിനെയല്ലാത്തൊരുമാർഗ്ഗം നിങ്ങൾ പറഞ്ഞു താ....!!**

www.islamkerala.com

*സിഡി രണ്ട് ഇവിടെ അവസാനിക്കുന്നു. മൂന്നാമത്തെ സിഡി ഉടൻ പ്രതീക്ഷിക്കുക.*

======================

*നാഥാ! ഞങ്ങളിൽ നിന്ന് ഇത് നീ സ്വീകരിക്കേണമേ, ഈ പ്രഭാഷണം നടത്തിയ ബഹു : വയലിത്തറ ഉസ്താദിനെയും ഞങ്ങളെയും ഞങ്ങളുടെ മാതാപിതാക്കളെയും ഞങ്ങൾക്ക് വേണ്ടപ്പെട്ടവരെയും വളരെ പ്രയാസകരമായി ഇത് ലിപിയിലേക്ക് മാറ്റിത്തന്ന സഹോദരിയേയും അവരുടെ കുടുംബത്തെയും, ഈ സന്ദേശം വായിക്കുന്നവരെയും ഇത് മറ്റുള്ളവർക്ക് ഫോർവേഡ് ചെയ്യുന്നവരെയും, ഈ സിഡി പരിപാടി ആരാണോ സംഘടിപ്പിച്ചത് അവരെയും പ്രത്യേകിച്ച് സഊദി അറേബ്യയിൽ നിന്നും ഇത് അയച്ചു തന്ന സഹോദരനടക്കം ഒട്ടേറെ പേർ ഇതുമായി ബന്ധപ്പെട്ടിട്ടുണ്ട് അവരെ എല്ലാവരെയും കൂടി ഇഹത്തിലും പരത്തിലും നിന്റെ പ്രത്യേക കാവൽ ലഭിക്കുന്നവരിൽ നീ ഉൾപ്പെടുത്തേണമേ! ആമീൻ.*

*ഇത് മലയാള ലിപിയിലേക്ക് മാറ്റിയത് : ഉമ്മു ആയിശ*

**ഇസ്‌ലാമിക വിശ്വാസ അനുഷ്ഠാന പഠന പ്രചരണ രംഗത്ത് സുന്നികേരളത്തിന്റെ ആദ്യത്തെ വെബ്‌സൈറ്റ്**

# www.islamkerala.com

E-mail : abdulla_cherumba@yahoo.com
Mobile : 0091 9400534861

www.islamkerala.com